# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജനുവരി 22,വെള്ളി

നമ്പർ 232

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ട് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

പ്രത്യേക പരാമർശം :

ശ്രീ. ഉമ്മൻ ചാണ്ടി സാമാജികനെന്ന നിലയിൽ തുടർച്ചയായി അൻപത് വർഷം പൂർത്തിയാക്കിയത് സംബന്ധിച്ച് സ്പീക്കർ പ്രത്യേക പരാമർശം നടത്തി. തുടർന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും പ്രതിപക്ഷനേതാവ് ശ്രീ.രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയ്ക്ക് ആശംസകളർപ്പിച്ച് സംസാരിച്ചു.

ശാസന :

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശക്കനുസൃതമായി ശ്രീ. പി. സി. ജോർജിനെ സഭ ശാസിച്ചു.

(ശ്രീ. സണ്ണി ജോസഫും മറ്റ് മൂന്ന് അംഗങ്ങളും ചേർന്ന് നൽകിയിട്ടുള്ള അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നതായി സ്പീക്കർ സഭയെ അറിയിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കുകയും തുടർന്ന് സഭയിൽ നിന്നും ഇറങ്ങിപ്പോകുകയും ചെയ്തു.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ആവശ്യമായ മുൻകരുതലുകളും നീന്തൽ പരിശീലനത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. സി. ദിവാകരൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP.289/2021(1).

(2) ദേവസ്വം ബോർഡ് നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്ക് ജനസംഖ്യാനുപാതികമായ സംവരണവും മറ്റ് പിന്നോക്കവിഭാഗങ്ങൾക്ക് പ്രത്യേക സംവരണവും ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. വി. പി. സജീന്ദ്രൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന മേശപ്പുറത്തുവച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ആർ. രാമചന്ദ്രൻ | പി.എസ്.സി. പരീക്ഷയ്ക്ക് മലയാളത്തിൽ ചോദ്യപേപ്പർ | മുഖ്യമന്ത്രി |
| 2 | ശ്രീ. ടി. വി. ഇബ്രാഹിം | കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട് | മുഖ്യമന്ത്രി |
| 3 | ശ്രീ. എം. വിൻസെന്റ് | കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
| 4 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് ഭെൽ - ഇ.എം.എൽ.-ന്റെ പ്രവർത്തനം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
| 5. | ശ്രീമതി വീണാ ജോർജ്ജ് | കോഴഞ്ചേരി പത്തനംതിട്ട വില്ലേജുകളിലെ റീസർവ്വേ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ബി. ഡി. ദേവസ്സി | ആനക്കയം ആദിവാസി കോളനി നിവാസികളുടെ പുനരധിവാസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. രാജു എബ്രഹാം | കൈവശ കൃഷിക്കാർക്ക് പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി സി. കെ. ആശ | വെള്ളപ്പൊക്കത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 9 | ശ്രീ. ഷാഫി പറമ്പിൽ | സുന്ദരം കോളനി നിവാസികൾക്ക് പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ടി. ജെ. വിനോദ് | ഷൺമുഖം കോളനി നിവാസികൾക്ക് പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 11 | ശ്രീ. എം. രാജഗോപാലൻ | തൃക്കരിപ്പൂരിലെ വിവിധ പഞ്ചായത്തുകളിലെ പട്ടയവിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 12 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര തെക്കേക്കര കുടിവെള്ള പദ്ധതി | ജലവിഭവവകുപ്പുമന്ത്രി |
| 13 | ഡോ. എൻ. ജയരാജ് | നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതി | ജലവിഭവവകുപ്പുമന്ത്രി |
| 14 | ശ്രീ.വി.കെ.സി.മമ്മത് കോയ | ബേപ്പൂർ തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കം | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 15 | ശ്രീ. കെ. ജെ. മാക്സി | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 16 | ശ്രീ. പി. ടി. തോമസ് | തൊഴിലാളികൾക്ക് കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 17 | ശ്രീ. അനൂപ് ജേക്കബ് | കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പിന് അനുമതി | കൃഷിവകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | ശ്രീ. വി. ജോയി | പുന്നമൂട് റെയിൽവേ മേൽപ്പാലനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 19 | ശ്രീ. ഇ. കെ. വിജയൻ | കല്ലാച്ചി - വളയം - ചുഴലി, മൊകേരി - ചങ്ങരംകുളം കായക്കൊടി റോഡുകളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 20 | ശ്രീ. കെ. ബാബു | മംഗലം - ഗോവിന്ദപുരം സംസ്ഥാനപാത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 21 | ശ്രീ. എം. സ്വരാജ് | കുണ്ടന്നൂർ ബൈപ്പാസ് ജംഗ്ഷൻ റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 22 | ശ്രീ. ഒ. രാജഗോപാൽ | മുടവൻ മുഗൾ - എസ്റ്റേറ്റ് വാർഡുകളെ ബന്ധിപ്പിക്കുന്ന പാലം, കല്ലടിമുഖം, ഇടയാർ, മധു പാലം എന്നിവയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 23 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ബീനാച്ചി - പനമരം റോഡ് നിർമ്മാണം പ്രവൃത്തി | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 24 | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തിയിൽ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 25 | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കര താലൂക്കാശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 26 | ഡോ. എം. കെ. മുനീർ | കോഴിക്കോട് മെഡിക്കൽ കോളേജിലെ ദിവസ വേതന ജീവനക്കാരുടെ പ്രശ്നങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 27 | ശ്രീ. പുരുഷൻ കടലുണ്ടി | ബാലുശ്ശേരിയിൽ കിലെ-സിവിൽ സർവീസ് അക്കാദമി | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 28 | ശ്രീമതി ഗീതാ ഗോപി | ലൈറ്റ് ആൻഡ് സൗണ്ട്, പന്തൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 29 | ശ്രീ. സി. കെ. ശശീന്ദ്രൻ | തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 30 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | തഴപ്പായ് നെയ്ത്ത് തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 31 | ശ്രീ. കോവൂർ കുഞ്ഞുമോൻ | തോൽകൊല്ലൻ സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 32 | ശ്രീ. ചിറ്റയം ഗോപകുമാർ | സർവകലാശാല പരീക്ഷാമൂല്യനിർണ്ണയം | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 33 | ശ്രീ. വി. കെ. പ്രശാന്ത് | പോളിടെക്നിക്ക് കോളേജ് അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 34 | ശ്രീ. റോജി എം. ജോൺ | അയ്യമ്പുഴ, മലയാറ്റൂർ - നീലീശ്വരം, മൂക്കന്നൂർ പഞ്ചായത്തുകളിലെ വന്യമൃഗശല്യം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 35 | ശ്രീ. വി. എസ്. ശിവകുമാർ | തിരുവനന്തപുരത്തെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

<u>മേശപ്പുറത്തു വച്ച കടലാസുകൾ :</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു.

<u>i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ</u>

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 446/2020 | ജി.ഒ.(എംഎസ്.) നമ്പർ 6/2020/നോർക്ക | 12-5-2020 |
| 2 | 831/2020 | ജി.ഒ.(പി.) നമ്പർ 57/2020/ഹോം | 16-11-2020 |
| 3 | 845/2020 | ജി.ഒ.(എംഎസ്.) നമ്പർ 217/2020/ഹോം | 25-11-2020 |
| 4 | 861/2020 | ജി.ഒ.(പി.) നമ്പർ 64/2020/ഹോം | 7-12-2020 |
| 5 | 862/2020 | ജി.ഒ.(പി.) നമ്പർ 66/2020/ഹോം | 9-12-2020 |
| 6 | 864/2020 | ജി.ഒ.(എംഎസ്.) നമ്പർ 218/2020/ഹോം | 9-12-2020 |
| 7 | 870/2020 | ഹോം-എസ്എസ്എ2/66/2020-ഹോം | 14-12-2020 |
| 8 | 10/2021 | ജി.ഒ.(ആർറ്റി.) നമ്പർ 15/2021/ഹോം | 3-1-2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 11/2021 | ജി.ഒ.(ആർറ്റി.) നമ്പർ 2988/2020/ഹോം | 24-12-2020 |
| 10 | 21/2021 | ജി.ഒ.(എംഎസ്.) നമ്പർ 6/2021/ഹോം | 4-1-2021 |
| 11 | 126/2020 | ജി.ഒ.(പി.) നമ്പർ 7/2020/ആർഡി. | 30-1-2020 |
| 12 | 837/2020 | ജി.ഒ.(പി.) നമ്പർ 92/2020/ആർഡി. | 18-11-2020 |
| 13 | 872/2020 | ജി.ഒ.(പി.) നമ്പർ 102/2020/ആർഡി. | 13-12-2020 |
| 14 | 873/2020 | ജി.ഒ.(പി.) നമ്പർ 103/2020/ആർഡി. | 14-12-2020 |
| 15 | 7/2021 | ജി.ഒ.(പി.) നമ്പർ 112/2020/ആർഡി. | 28-12-2020 |
| 16 | 440/2020 | ജി.ഒ.(പി.) നമ്പർ 36/2020/ട്രാൻ. | 29-6-2020 |
| 17 | 841/2020 | ജി.ഒ.(പി.) നമ്പർ 62/2020/ട്രാൻ. | 25-11-2020 |
| 18 | 849/2020 | ജി.ഒ.(പി.) നമ്പർ 63/2020/ട്രാൻ. | 4-12-2020 |
| 19 | 855/2020 | ജി.ഒ.(പി.) നമ്പർ 64/2020/ട്രാൻസ്. | 7-12-2020 |
| 20 | - | കെഎഫ് സി/എഫ്&എം/1214/2019-20 | 27-11-2019 |
| 21 | - | കെഎഫ് സി/എഫ്&എ/1518/2019-20 | 6-2-2020 |
| 22 | 883/2020 | ജി.ഒ.(പി.) നമ്പർ164/2020/ടാക്സസ്. | 18-12-2020 |
| 23 | 884/2020 | ജി.ഒ.(പി.) നമ്പർ 165/2020/ടാക്സസ്. | 18-12-2020 |
| 24 | 46/2021 | ജി.ഒ.(പി.) നമ്പർ 5/2021/ഫിൻ. | 7-1-2021 |
| 25 | 415/2020 | ജി.ഒ.(എംഎസ്.) നമ്പർ 45/2020/ലോ | 18-6-2020 |

| 1 | 2 | 3 | 4 |
|---|---|---|---|
| 26 | 918/2020 | ജി.ഒ.(പി.) നമ്പർ 7/2020/എസ് സി എസ് റ്റി ഡി ഡി. | 30-12-2020 |
| 27 | 836/2020 | ജി.ഒ.(എം.എസ്.) നമ്പർ 33/2020/എസ്ജെഡി. | 17-11-2020 |
| 28 | 865/2020 | ജി.ഒ.(പി.) നമ്പർ 65/2020/എച്ച് & എഫ്ഡബ്ല്യുഡി. | 8-12-2020 |
| 29 | 269/2020 | ജി.ഒ.(പി.) നമ്പർ 49/2020/ടാക്സസ്. | 1-4-2020 |
| 30 | 270/2020 | ജി.ഒ.(പി.) നമ്പർ. 50/2020/ടാക്സസ്. | 1-4-2020 |
| 31 | 450/2020 | സ.ഉ.(അച്ചടി) നമ്പർ 53/2020/തൊഴിൽ | 16-6-2020 |
| 32 | 581/2020 | സ.ഉ.(അച്ചടി) നമ്പർ 76/2020/തൊഴിൽ | 7-9-2020 |
| 33 | 854/2020 | സ.ഉ.(അച്ചടി) നമ്പർ 89/2020/തൊഴിൽ | 3-12-2020 |
| 34 | 858/2020 | ജി.ഒ.(പി.) നമ്പർ 93/2020/എൽബിആർ. | 9-12-2020 |
| 35 | 859/2020 | ജി.ഒ.(പി.) നമ്പർ 92/2020/എൽബിആർ. | 9-12-2020 |
| 36 | 860/2020 | ജി.ഒ.(പി.) നമ്പർ 91/2020/എൽബിആർ. | 9-12-2020 |
| 37 | 891/2020 | ജി.ഒ.(പി.) നമ്പർ 94/2020/എൽബിആർ. | 16-12-2020 |
| 38 | 893/2020 | ജി.ഒ.(പി.) നമ്പർ 96/2020/എൽബിആർ. | 18-12-2020 |
| 39 | 22/2021 | ജി.ഒ.(പി.) നമ്പർ 1/2021/എൽബിആർ. | 4-1-2021 |
| 40 | 29/2020 | ജി.ഒ.(പി.) നമ്പർ 2/2020/സിഎഡി. | 13-1-2020 |
| 41 | 80/2020 | ജി.ഒ.(പി.) നമ്പർ 4/2020/കോ-ഓപ്പ്. | 17-1-2020 |

| 1 | 2 | 3 | 4 |
|---|---|---|---|
| 42 | 213/2020 | ജി.ഒ.(പി.) നമ്പർ 28/2020/കോ-ഓപ്പ്. | 11-3-2020 |
| 43 | 331/2020 | ജി.ഒ.(പി.) നമ്പർ 13/2020/കോ-ഓപ്പ്. | 22-2-2020 |
| 44 | 832/2020 | ജി.ഒ.(പി) നമ്പർ 152/2020/കോ-ഓപ്പ് | 10-11-2020 |
| 45 | 835/2020 | ജി.ഒ.(പി.) നമ്പർ 154/2020/കോ-ഓപ്പ്. | 13-11-2020 |
| 46 | 844/2020 | ജി.ഒ.(പി.) നമ്പർ 153/2020/കോ-ഓപ്പ്. | 12-11-2020 |
| 47 | 876/2020 | ജി.ഒ.(പി.) നമ്പർ 163/2020/കോ-ഓപ്പ്. | 16-12-2020 |
| 48 | 811/2020 | സ.ഉ.(അച്ചടി) നമ്പർ 66/2020/തസ്വഭവ. | 9-11-2020 |
| 49 | 812/2020 | സ.ഉ.(അച്ചടി) നമ്പർ 67/2020/തസ്വഭവ. | 9-11-2020 |
| 50 | 815/2020 | ജി.ഒ.(പി.) നമ്പർ 68/2020/എൽഎസ്ജിഡി. | 12-11-2020 |
| 51 | 816/2020 | ജി.ഒ.(പി.) നമ്പർ 69/2020/എൽഎസ്ജിഡി. | 12-11-2020 |
| 52 | 825/2020 | സ.ഉ.(അച്ചടി) നമ്പർ 71/2020/തസ്വഭവ. | 13-11-2020 |
| 53 | 826/2020 | സ.ഉ.(അച്ചടി) നമ്പർ 70/2020/തസ്വഭവ. | 13-11-2020 |
| 54 | 850/2020 | സ.ഉ.(അച്ചടി) നമ്പർ 77/2020/തസ്വഭവ. | 5-12-2020 |
| 55 | 851/2020 | സ.ഉ.(അച്ചടി) നമ്പർ 76/2020/തസ്വഭവ. | 5-12-2020 |

## ii.വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2018-19 | ഓഡിറ്റ് റിപ്പോർട്ട് |
| 2 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2018-19 | വാർഷിക റിപ്പോർട്ട് |
| 3 | ആറാമത് ധനകാര്യ കമ്മീഷൻ | 2020 | ഒന്നാമത് റിപ്പോർട്ടും ആക്ഷൻടേക്കൺ റിപ്പോർട്ടും |
| 4 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും |
| 5 | കേരള കാർഷിക സർവ്വകലാശാല | 2019-20 | വാർഷിക റിപ്പോർട്ട് |
| 6 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും |

## iii. ചട്ടം 236 (5) പ്രകാരമുള്ള കടലാസുകൾ

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 |
| IV—വ്യവസായവും ധാതുക്കളും | 2019-20 | 4 | 3-11, 50 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 4 |
| XIII—സാമൂഹ്യസേവനം | 2015-16 | 5 | 3 |
| XIII—സാമൂഹ്യസേവനം | 2019-20 | 4 | 19-22, 37, 41-45 |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019-20 | 4 | 1, 2, 4, 5, 7 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | പൊതു ശിപാർശII |

| 1 | 2 | 3 | 4 |
|---|---|---|---|
| XI—ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2019-20 | 4 | 1-21 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2019-20 | 4 | 12-27, 36-60 |
| VI—വിദ്യാഭ്യാസം | 2018-19 | 3 | 79-82, 88 |
| VI—വിദ്യാഭ്യാസം | 2019-20 | 4 | 35, 40, 41, 44, 45, 68-73, 75 |

iv ചട്ടം 236 (6) പ്രകാരമുള്ള കടലാസുകൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു.) വകുപ്പ് |
| XIII—ജയിലുകൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര (ബി) വകുപ്പ് (ജയിലുകൾ) |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം XX—ശുദ്ധജല വിതരണവും ശുചീകരണവും | 2019-20 (കാലതാമസ പത്രിക സഹിതം) | പരിസ്ഥിതി വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് |
| XXXVII— വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |

| 1 | 2 | 3 |
|---|---|---|
| XXI—ഭവന നിർമ്മാണം. | 2019-20 (കാലതാമസ പത്രിക സഹിതം) | ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം,കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ലാറിബെക്കർ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) [ഭവനനിർമ്മാണ(പാർലമെന്റ്) വകുപ്പ്] |
| XXXVIII—ജലസേചനം | 2018-19 (കാലതാമസ പത്രിക സഹിതം) | കുട്ടനാട് പാക്കേജ് [ജലവിഭവ(ഐ.ആർ)വകുപ്പ്] |
| XXIX—കൃഷി | 2019-20 (കാലതാമസ പത്രിക സഹിതം) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| XXIX—കൃഷി<br>XXX—ഭക്ഷ്യം<br>XXXIX—വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം) | കാർഷിക വികസന കർഷക ക്ഷേമവകുപ്പ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്. [തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്] |
| XXIV— തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് [തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്] |

V ചട്ടം 47(2) പ്രകാരം കാലതാമസപത്രിക സഹിതം താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 14 | 14 | 1420 |
| | 16 | 150 |

റിപ്പോർട്ടുകളുടെ സമർപ്പണം

(1) തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. റ്റി. പി. രാമകൃഷ്ണൻ കെ.എ.എസ്.ഇ.-ന്റെ പ്രവർത്തനം സംബന്ധിച്ച് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു.

(2) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. റ്റി. വി. രാജേഷ് കമ്മിറ്റിയുടെ എട്ടും ഒൻപതും റിപ്പോർട്ടുകൾ സമർപ്പിച്ചു.

ഗവണ്മെന്റ് പ്രമേയം

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2019 മാർച്ചിൽ അവസാനിച്ച വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടിലെ 41 മുതൽ 43 വരെയുള്ള പേജുകളിലും എക്സിക്യൂട്ടീവ് സമ്മറിയിലുമുള്ള കിഫ്ബിയെക്കുറിച്ചുള്ള പരാമർശങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

"കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 18-ന് ഈ സഭയുടെ മേശപ്പുറത്തു വയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നു മാത്രമല്ല, കരട് റിപ്പോർട്ടിൽ ഇല്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താൽപര്യങ്ങളെ ഹനിക്കുന്നതിനുവേണ്ടി അനാവശ്യവും ദുരുഹവുമായ ധൃതിയിലും എഴുതി ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി.ആന്റ്എ.ജി. തന്നെ പുറപ്പെടുവിച്ച ഓഡിറ്റ് റെഗുലേഷൻ ലംഘിച്ചു കൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിൽ ഇല്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്.

കിഫ്ബിയുടേത് ഓഫ് ബജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജെന്റ് ലയബിലിറ്റി അല്ലായെന്നുമുള്ള സി.ആന്റ് എ.ജി.-യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുള്ളതുമാണ് എന്ന് മാത്രവുമല്ല സി.ആന്റ് എ.ജി.-യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമാണ്.

സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ മേൽപരാമർശങ്ങൾ സി.ആന്റ്എ.ജി. ഓഡിറ്റ് റെഗുലേഷനുകൾ, സാമാന്യ നീതി, പ്രൊഫഷണൽ സമീപനം, രാഷ്ട്രീയമായ നിഷ്പക്ഷത എന്നിവയുടെ ലംഘനമായതിനാൽ ഈ സമീപനത്തിലൂടെ കേരള സംസ്ഥാനത്തിന്റെ വിശാല വികസന താത്പര്യങ്ങളെ അപകടപ്പെടുത്തുന്ന സമീപനമായി മാറിയതിൽ ഈ സഭയുടെ ഉത്കണ്ഠ സി.ആന്റ് എ.ജി.യെ അറിയിക്കുവാൻ തീരുമാനിക്കുന്നു.

ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു."

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു

ശ്രീ. വി. ഡി. സതീശൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. സി. ജോസഫ്

ശ്രീമതി വീണാ ജോർജ്ജ്

ഡോ. എം. കെ. മുനീർ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എം. സ്വരാജ്

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ്

പ്രമേയം സഭ വോട്ടിനിട്ട് പാസ്സാക്കി.

<u>നിയമനിർമ്മാണകാര്യം:</u>

(i) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിച്ചു.

(ii) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2021-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു.

<u>താഴെപ്പറയുന്ന അംഗം ചർച്ചയിൽ പങ്കെടുത്തു.</u>

ശ്രീ. ഡി. കെ. മുരളി

ഉച്ചക്ക് ശേഷം 12.30-ന് സഭ താൽക്കാലികമായി പിരിഞ്ഞു.

<u>അപരാഹ്ന സമ്മേളനം</u>

സഭ ഉച്ചക്ക് ശേഷം 3.00 മണിക്ക് വീണ്ടും സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു.

ധനവിനിയോഗ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച തുടർന്നു. <u>താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:</u>

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. സി. കെ. നാണു

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. വി. എസ്. ശിവകുമാർ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി നൽകി. തുടർന്ന് ബിൽ പരിഗണനയ്ക്ക് എടുക്കുകയും വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

(iii) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം .തോമസ് ഐസക് 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുകയും പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. ബി. സത്യൻ

ശ്രീ. ജി. എസ്.ജയലാൽ

ശ്രീ. എൻ. ഷംസുദീൻ

ശ്രീ. സി. കെ. നാണു

ശ്രീ. പി. ഉണ്ണി

ശ്രീ. എ. പി. അനിൽ കുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മറുപടി പറഞ്ഞു. തുടർന്ന് ബിൽ പരിഗണനയ്ക്ക് എടുക്കുകയും സഭ വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

(iv) ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

പ്രസ്തുത ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. ഉബൈദുള്ളയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ചിറ്റയം ഗോപകുമാർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ആർ. രാമചന്ദ്രനും അവതരിപ്പിച്ച സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു:

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(എ)-യിൽ "നിയമംമൂലം" എന്നതിനു പകരം "നിയമം മൂലം" എന്ന് ചേർക്കുക.

ഖണ്ഡം 2(എച്ച്)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3(3)-ൽ "നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ" എന്നതിനു ശേഷമുള്ള "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ഖണ്ഡം 3(7)-ൽ "ഉടങ്ങിയവ" എന്നതിനു പകരം "എന്നിവ" എന്നത് ചേർക്കുക.

അഞ്ചാം വകുപ്പ്

ഖണ്ഡം 5 (iii)-ൽ "ശാസ്ത്രസാങ്കേതിക" എന്നതിനു പകരം "സാങ്കേതിക ശാസ്ത്ര" എന്ന് ചേർക്കുക.

ഖണ്ഡം 5 (iii)-ൽ "തുടങ്ങിയ" എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 5 (iii)-ൽ "തപാൽ" എന്നതിനു ശേഷം "/ഇമെയിൽ" എന്ന് ചേർക്കുക.

ഖണ്ഡം 5 (iii)-ൽ "സമ്പർക്ക ക്ലാസുകൾ" എന്നതിനു ശേഷം "വെബിനാറുകൾ" എന്ന് ചേർക്കുക.

ഖണ്ഡം 5(iv)(സി)-ൽ "പഠനങ്ങൾ" എന്നതിനു പകരം "പഠനം" എന്ന് ചേർക്കുക.

ഖണ്ഡം 5(iv)(ഡി)-ൽ "സംസ്ഥാനത്തിന്റെ" എന്നതിനു പകരം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

ഖണ്ഡം 5(iv)(ഡി)-ൽ "മറ്റ് യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ" എന്നതിനു പകരം "മറ്റു സർവ്വകലാശാലാ അദ്ധ്യാപകരുടെ" എന്ന് ചേർക്കുക.

ഖണ്ഡം 5 (iv) (എച്ച്)-ൽ "പരസ്പര അറിവിന്റെ കൈമാറ്റത്തിനായി" എന്നതിന് പകരം "വിജ്ഞാന വിനിമയത്തിനായി" എന്ന് ചേർക്കുക.

ആറാം വകുപ്പ്

ഖണ്ഡം 6 (xxiii)-ൽ "എമിരിറ്റസ്" എന്നതിനു പകരം "എമെരിറ്റസ്" എന്ന് ചേർക്കുക.

ഏഴാം വകുപ്പ്

ഖണ്ഡം 7(2)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിൽപെട്ടവർക്കോ" എന്നതിന് ശേഷം "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കോ ഭിന്നശേഷിക്കാർക്കോ" എന്ന് ചേർക്കുക.

എട്ടാം വകുപ്പ്

ഖണ്ഡം 8(4)-ൽ- "വാങ്ങിയശേഷം" എന്നതിനു ശേഷമുള്ള " അവ" എന്ന വാക്കിന് പകരം "അങ്ങനെയുള്ള പ്രമേയമോ ഉത്തരവോ നടപടികളോ, അതതു സംഗതിപോലെ", എന്നത് ചേർക്കുക.

ഖണ്ഡം 8 (9 ) " മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കുറ്റാരോപണങ്ങൾ " എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

ഖണ്ഡം 8(9)-ൽ "ബോധ്യമാവുന്നപക്ഷം" എന്നതിനു പകരം "ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

ഖണ്ഡം 8(9)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഹൈക്കോടതിയിലെയോ സുപ്രീംകോടതി യിലെയോ "എന്നതിനു പകരം" സുപ്രീംകോടതിയിലെയോ ഹൈക്കോടതിയിലെയോ" എന്ന് ചേർക്കുക.

ഖണ്ഡം 8(9)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചാർജ്ജുകൾ" എന്നതിനു പകരം "കുറ്റാരോപണം" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

ഖണ്ഡം 9(2)-ൽ

(i) "അധികാരങ്ങൾ" എന്നതിനു പകരം "അധികാരങ്ങളും" എന്നത് ചേർക്കുക.

(ii) "കർത്തവ്യങ്ങൾ" എന്നതിനു പകരം "കർത്തവ്യങ്ങളും" എന്നത് ചേർക്കുക.

പതിനൊന്നാം വകുപ്പ്

ഖണ്ഡം 11(1)-ൽ "ഒരു മുഴുവൻ സമയ ശമ്പളം പറ്റുന്ന" എന്നതിനു പകരം "ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ" എന്നു ചേർക്കുക.

ഖണ്ഡം 11(2)-ൽ, "ഐകകണ്ഠേന" എന്നതിനു പകരം "ഐക്യകണ്ഠേന" എന്ന് ചേർക്കുക.

ഖണ്ഡം 11(3)-ൽ "നിശ്ചയിച്ച" എന്നതിനു പകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

പതിമൂന്നാം വകുപ്പ്

ഖണ്ഡം 13 (1)-ൽ "ഈ ആക്ടിലും സ്റ്റാറ്റ്യൂട്ടുകളിലും വ്യവസ്ഥ ചെയ്ത പ്രകാരം" എന്നതിന് പകരം "ഈ ആക്ടിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

പതിനാലാം വകുപ്പ്

ഖണ്ഡം 14(4)-ൽ "യൂണിവേഴ്സിറ്റിയ്ക്കുവേണ്ടി" എന്നതിനു പകരം"യൂണിവേഴ്സിറ്റിക്കു വേണ്ടി" എന്ന് ചേർക്കുക.

പതിനെട്ടാം വകുപ്പ്

ഖണ്ഡം 18 (3)-ൽ "അദ്ദേഹം യൂണിവേഴ്സിറ്റിയുടെ" എന്നതിനുശേഷം "ശമ്പളം പറ്റുന്ന" എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 18 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിയമംമൂലം" എന്നതിനുപകരം "നിയമം മൂലം" എന്ന് ചേർക്കുക.

പത്തൊൻപതാം വകുപ്പ്

ഖണ്ഡം 19-ൽ "ഉദ്യോഗസ്ഥരുടെ" എന്നതിനു പകരം "ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും" എന്ന് ചേർക്കുക.

ഇരുപത്തിമൂന്നാം വകുപ്പ്

ഖണ്ഡം 23(1)-ൽ "വർഷത്തിൽ ഒരു തവണ" എന്നത് "വർഷത്തിൽ ഏറ്റവും കുറഞ്ഞത് ഒരു തവണ" എന്നാക്കുക.

ഖണ്ഡം 23(4)-ൽ "ഒരു യോഗത്തിന്റെ" എന്നത് ഒഴിവാക്കുക.

ഇരുപത്തെട്ടാം വകുപ്പ്

ഖണ്ഡം 28(3)(i)-ൽ

"അക്കാദമിക മിനിസ്റ്റിരിയൽ" എന്നതിന് പകരം "അക്കാദമിക, മിനിസ്റ്റീരിയൽ" എന്ന് ചേർക്കുക.

ഖണ്ഡം 28(3)(vi)-ൽ "അനുയോജ്യമായി" എന്ന വാക്കിനു പകരം "അനുസൃതമായി" എന്ന വാക്ക് ചേർക്കുക.

ഇരുപത്തി ഒൻപതാം വകുപ്പ്

ഖണ്ഡം 29(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ (i)-ൽ "പഠനസ്കൂളുകളിലെ യൂണിവേഴ്സിറ്റിയിലെ" എന്നതിനു പകരം " യൂണിവേഴ്സിറ്റിയിലെ പഠനസ്കൂളുകളിലെ"എന്ന് ചേർക്കുക.

മുപ്പത്തിരണ്ടാം വകുപ്പ്

ഖണ്ഡം 32(iv)-ൽ "ചെയ്യാൻ വേണ്ടി" എന്നതിനു പകരം "ചെയ്യുന്നതിന്" എന്ന് ചേർക്കുക.

ഖണ്ഡം 32(v)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനു പകരം "സർവ്വകലാശാലകളുടെ" എന്ന് ചേർക്കുക.

മുപ്പത്തിയൊൻപതാം വകുപ്പ്

ഖണ്ഡം 39-ൽ "അക്കാദമിക വർഷം" എന്നതിനു പകരം "കാലാവധി" എന്ന് ചേർക്കുക.

ഖണ്ഡം 39-ൽ "പുനഃസംഘടിപ്പിക്കാൻ" എന്നതിനു പകരം "പുനഃസംഘടിപ്പിക്കുവാൻ" എന്ന് ചേർക്കുക.

നാൽപ്പത്തിയൊന്നാം വകുപ്പ്

ഖണ്ഡം 41(2)(iii)-ൽ "ലാൻഗ്വേജസ് " എന്നതിനു പകരം "ലാംഗ്വേജസ് " എന്ന് ചേർക്കുക.

ഖണ്ഡം 41(2)(vi)-ൽ "ട്രയിനിംഗ് " എന്നതിനു പകരം "ട്രെയിനിംഗ് " എന്ന് ചേർക്കുക.

നാൽപ്പത്തി രണ്ടാം വകുപ്പ്

ഖണ്ഡം 42(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ ഇനം (ii)-ൽ "വിദഗ്ധരായ" എന്നതിനു പകരം "വിദഗ്ധരായ" എന്ന് ചേർക്കുക.

നാൽപ്പത്തിയഞ്ചാം വകുപ്പ്

ഖണ്ഡം 45 (1)-ൽ,

(i) "ബോർഡിനും" എന്ന വാക്കിന് പകരം "ബോർഡും" എന്ന വാക്ക് ചേർക്കുകയും

(ii) "ബന്ധപ്പെട്ട് " എന്ന വാക്കിന് പകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

നാൽപ്പത്തിയേഴാം വകുപ്പ്

ഖണ്ഡം 47(3)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്നതിനു പകരം "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

ഖണ്ഡം 47(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ" എന്നതിനു പകരം "വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

നാൽപത്തിയൊൻപതാം വകുപ്പ്

ഖണ്ഡം 49(ii)-ൽ "പരീക്ഷ കൺട്രോളർ" എന്നതിനു ശേഷം "സൈബർ കൺട്രോളർ" എന്ന് ചേർക്കുക.

ഖണ്ഡം 49(v)-ൽ "കൗൺസിലുകളിലേയോ" എന്ന വാക്കിനു പകരം "കൗൺസിലുകളിലെയോ" എന്ന് ചേർക്കുക.

അൻപതാം വകുപ്പ്

ഖണ്ഡം 50(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "കരടോ" എന്നതിനുശേഷം വരുന്ന "ഒരു സ്റ്റാറ്റ്യൂട്ടിന്റെ" എന്നത് ഒഴിവാക്കുക.

ഖണ്ഡം 50(3)-ൽ "തടഞ്ഞുവയ്ക്കുകയോ" എന്നത് നീക്കം ചെയ്യുക.

ഖണ്ഡം 50(3)-ൽ "ചെയ്യാവുന്നതാണ്" എന്നതിനു പകരം "ചെയ്യാവുന്നതുമാണ് " എന്ന് ചേർക്കുക.

അൻപത്തി ആറാം വകുപ്പ്

ഖണ്ഡം 56 (3)-ൽ "അതിന്റെ സബ്സിഡിയറികളിലോ" എന്നീ വാക്കുകൾക്ക് ശേഷം "ദേശസാൽകൃത ബാങ്കുകളിലോ" എന്ന് ചേർക്കുക.

<u>അൻപത്തി ഏഴാം വകുപ്പ്</u>

ഖണ്ഡം 57-ൽ "അടുത്ത" എന്ന വാക്കിന് പകരം "ഓരോ" എന്ന് ചേർക്കുക.

<u>അൻപത്തിയെട്ടാം വകുപ്പ്</u>

ഖണ്ഡം 58(8)-ൽ "അയു" എന്നതിനു പകരം "അത്" എന്ന് ചേർക്കുക.

<u>അൻപത്തിയൊൻപതാം വകുപ്പ്</u>

ഖണ്ഡം 59(1)-ൽ "ഉൾപ്പെടേണ്ടതും" എന്നതിനു പകരം "ഉൾപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

<u>അറുപത്തി നാലാം വകുപ്പ്</u>

ഖണ്ഡം 64-ൽ "അംഗീകാരമായി" എന്നതിന് പകരം "അംഗീകൃത യോഗ്യതയായി" എന്ന് ചേർക്കുക.

<u>അറുപത്തി അഞ്ചാം വകുപ്പ്</u>

ഖണ്ഡം 65 താഴെ പറയും പ്രകാരം മാറ്റുക:

"65 വിദ്യാർത്ഥികളുടെ താമസം.—സമ്പർക്ക ക്ലാസ്സുകൾ വേണ്ടി വരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി യൂണിവേഴ്സിറ്റി പരിപാലിച്ചുപോരുന്നതോ വിദ്യാർത്ഥികളുടെ പഠനത്തിന് യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ളതോ ആയ താമസ സ്ഥലങ്ങളിൽ വിദ്യാർത്ഥികൾക്ക് താമസിക്കാവുന്നതാണ്."

<u>എഴുപതാം വകുപ്പ്</u>

ഖണ്ഡം 70-ൽ " യൂണിവേഴ്സിറ്റിയുടെയോ" എന്നതിനു ശേഷം "അതിന്റെ" എന്ന് ചേർക്കുക.

<u>സ്പീക്കറുടെ റൂളിംഗ്</u>

സഭ പാസ്സാക്കിയ ഗവൺമെന്റ് പ്രമേയത്തെ തുടർന്ന് നീക്കം ചെയ്യപ്പെട്ട സി. ആൻഡ് എ. ജി. യുടെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണ ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിക്കേണ്ടതുണ്ടോ എന്ന വിഷയത്തിന്മേൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 118 അനുസരിച്ച് ബഹു. മുഖ്യമന്ത്രി ഇന്ന് (22-1-2021) സഭയിൽ അവതരിപ്പിച്ച പ്രമേയത്തിൽ ചുവടെ ചേർക്കും പ്രകാരം പരാമർശിച്ചിരുന്നു.

"കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 18 -ന് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നു മാത്രമല്ല കരട് റിപ്പോർട്ടിൽ ഇല്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താൽപര്യങ്ങളെ ഹനിക്കുന്നതിനുവേണ്ടി അനാവശ്യവും ദുരൂഹവുമായ ധൃതിയിലും എഴുതി ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി. & എ. ജി. തന്നെ പുറപ്പെടുവിച്ച ആഡിറ്റ് റെഗുലേഷൻ ലംഘിച്ചുകൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിൽ ഇല്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്."

പ്രമേയത്തിന്റെ അവസാനഭാഗം താഴെപ്പറയും പ്രകാരമാണ്:

"ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു."

സഭയിൽ അവതരിപ്പിച്ച മേൽപറഞ്ഞ പ്രമേയം വിശദമായ ചർച്ചയ്ക്കുശേഷം ശബ്ദ വോട്ടോടെ സഭ പാസ്സാക്കുകയും ചെയ്തു.

പ്രമേയം സംബന്ധിച്ച ചർച്ചാ വേളയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നത്തിലൂടെ സഭ പാസ്സാക്കുന്ന പ്രമേയത്തിന്റെ ഉള്ളടക്കത്തിനു വിധേയമായി മാത്രമാണോ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് C & A G യുടെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കാൻ കഴിയുന്നത് എന്ന കാര്യത്തിൽ വ്യക്തത വേണമെന്നും റിപ്പോർട്ടിലെ സഭ നിരാകരിച്ച 41 മുതൽ 43 വരെയുള്ള പേജുകളിലെ പരാമർശങ്ങൾ പി.എ.സി.ക്ക് പരിശോധിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ ചെയറിൻനിന്നും റൂളിംഗ് ആവശ്യമാണെന്നും ആവശ്യപ്പെടുകയുണ്ടായി.

ഇക്കാര്യത്തിൽ നമ്മുടെ സഭാ ചട്ടങ്ങളും കീഴ് വഴക്കവും പാർലമെന്റിലെ കീഴ്വഴക്കവും കൗൾ ആന്റ് ശക്തറിലെ ഇതു സംബന്ധിച്ച ഭാഗവും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. എന്നാൽ ഇത്തരത്തിൽ ഒരു അസാധാരണ സംഭവ വികാസം ഇതിനുമുമ്പ് കേരള നിയമസഭയിലോ ഇന്ത്യൻ പാർലമെന്റിലോ ഉണ്ടായിട്ടുള്ളതായി കാണാൻ കഴിഞ്ഞില്ല. എന്നാൽ കൗൾ ആന്റ് ശക്തർ എന്ന ഗ്രന്ഥത്തിൽ PAC യെ സംബന്ധിക്കുന്ന ഭാഗത്ത് "Examination of Cases before a Court of Law" എന്ന ശീർഷകത്തിൽ ചുവടെ പറയും പ്രകാരം ചേർത്തിരിക്കുന്നു.

"If the committee is examining or proposes to examine a case the subject-matter of which is under adjudication of a court of law and the Government put forth the plea that an examination of the case at the stage by the Committee would be prejudicial to the interest of the case, the Committee postpones consideration of that case" എന്ന് പരാമർശിച്ചിട്ടുണ്ട്.

അതായത്, ഒരു നിയമ കോടതിയുടെ പരിഗണനയിലുള്ള വിഷയം ആഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അതിനെ സംബന്ധിക്കുന്ന ആഡിറ്റ് പരാമർശങ്ങളുടെ പരിഗണന സമിതി മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്.

അതുപോലെതന്നെ ബഹുമാനപ്പെട്ട അംഗം ആശങ്കപ്പെട്ടതുപോലെ C&AG യുടെ ആഡിറ്റ് പരാമർശം സംബന്ധിച്ച മെറിറ്റിലേയ്ക്ക് ചെയർ പോവുന്നില്ല. ആഡിറ്റ് പരാമർശത്തെ സംബന്ധിച്ചല്ല. അത് രൂപപ്പെടുത്തിയ ക്രമത്തെ സംബന്ധിച്ചാണ് പ്രമേയത്തിൽ ഉന്നയിക്കുന്ന പ്രശ്നം. ക്രമപ്രകാരമല്ലാതെ C&AG തന്നെ തയ്യാറാക്കിയ ആഡിറ്റ് റെഗുലേഷന് വിധേയമല്ലാതെ തയ്യാറാക്കി ഉൾപ്പെടുത്തിയ ഖണ്ഡികകൾ നിരസിക്കുന്നു എന്നത് ആഡിറ്റിംഗ് അംഗീകരിക്കുന്നില്ല എന്ന നിലയിൽ വ്യാഖ്യാനിക്കാനാവുന്നില്ല. അസാധാരണമായ ഈ സാഹചര്യത്തിൽ അസാധാരണമായ ഒരു നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഇത് പതിവു രീതിയല്ല. അതിനാൽ കീഴ്‌വഴക്കമാവുന്നില്ല.

ഇതേ പരാമർശങ്ങൾ തന്നെ ക്രമങ്ങൾ പാലിച്ചുകൊണ്ട് C&AG റിപ്പോർട്ടിന്റെ ഭാഗമായി മാറ്റിയിരുന്നെങ്കിൽ ഇത്തരമൊരു സാഹചര്യമുണ്ടാവുമായിരുന്നില്ല. ആയതിനാൽ സഭ അതിന്റെ നിരീക്ഷണവും ആശങ്കയും പ്രകടിപ്പിച്ചതിൽ തെറ്റുകാണാൻ ആവില്ല.

ഇവിടെ സഭയിൽ നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ C&AG റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ തയ്യാറാക്കിയ 41 മുതൽ 43 വരെയുള്ള പേജുകളിലെ പരാമർശങ്ങൾ നിരാകരിക്കണമെന്ന പ്രശ്നം ഒരു പ്രമേയത്തിലൂടെ സഭ അംഗീകരിച്ച സാഹചര്യത്തിൽ അതൊരു സഭാ തീരുമാനമായിത്തീർന്നിരിക്കുന്നു. സഭയുടെ ഏതൊരു തീരുമാനവും സഭ തെരഞ്ഞെടുത്ത സമിതികൾക്കും ബാധകമാകണമെന്നതാണ് പൊതു തത്വം.

സഭ കൈകൊണ്ട ഈ തീരുമാനത്തിനെതിരെയുള്ള ഒരു സമീപനം അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സമിതിക്ക് കൈകൊള്ളുവാൻ കഴിയില്ല എന്നു തന്നെയാണ് ചെയറിന്റെ സുവ്യക്തമായ അഭിപ്രായം.

ഈ സാഹചര്യത്തിൽ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് വ്യക്തത വന്നു എന്ന് ചെയർ കരുതുന്നു."

<u>അവകാശലംഘന പ്രശ്നം:</u>

<u>I. നടപടി അവസാനിപ്പിച്ച അവകാശലംഘന പ്രശ്നങ്ങൾ</u>

(1) ഒരു ജനപ്രതിനിധി എന്ന നിലയിൽ ജനങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നിരവധി തവണ തിരുവനന്തപുരം ജില്ലാ കളക്ടറെ മൊബൈൽ ഫോണിൽ വിളിച്ചിട്ടും, എം.എൽ.എ. ആണെന്ന് മനസ്സിലാക്കിയിട്ടും ഫോൺ അറ്റന്റ് ചെയ്യാനോ തിരികെ വിളിക്കാനോ തയ്യാറാകാത്ത കളക്ടറുടെ നടപടി സാമാജികൻ എന്ന നിലയിൽ തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. അംഗം ശ്രീ. എം. വിൻസെന്റ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ പൊതുഭരണ വകുപ്പിൽ നിന്നും വിശദീകരണം ആരാഞ്ഞതിൽ ജോലി സംബന്ധമായ തിരക്കുള്ളതിനാലാണ് ഫോൺ കോളിന് മറുപടി നൽകാൻ കഴിയാത്തതെന്നും, എം.എൽ.എ.യുടെ കോൾ എടുക്കുന്നതിൽ മനഃപൂർവ്വമായ വീഴ്ച വരുത്തുകയോ ജനപ്രതിനിധിയുടെ അവകാശാധികാരങ്ങളെ കുറച്ചുകാണുന്നതിന് ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിന് മറുപടി നൽകുകയുണ്ടായി. കളക്ടറുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്ന് ജില്ലാ കളക്ടർ ശ്രീ. കെ. ഗോപാലകൃഷ്ണന് ചീഫ് സെക്രട്ടറി മുഖേന കർശന നിർദ്ദേശം നൽകുകയും ചെയ്തതായി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

ബഹു. അംഗം നോട്ടീസിൽ ഉന്നയിച്ച വിഷയവും സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച് ലഭിച്ച മറുപടിയും ചെയർ വിശദമായി പരിശോധിച്ചു. ആരോപണവിധേയനായ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഭാവിയിൽ ഇത്തരം തെറ്റുകൾ ഉണ്ടാകാൻ പാടില്ല എന്ന ശക്തമായ നിർദ്ദേശം ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നല്കിയിരിക്കുന്നതിനാൽ നോട്ടീസിന്മേൽ തുടർനടപടി അവസാനിപ്പിക്കുന്നു.

(2) കേരളത്തിൽ നിന്നുള്ള 4 എം.പി.മാർ ഉൾപ്പെടെ 7 എം.പി.മാരെ സമ്മേളനം തീരുന്നതുവരെ ബഹു. ലോക് സഭ സ്പീക്കർ സസ്പെന്റ് ചെയ്തതിനെ സംബന്ധിച്ച് 2020 മാർച്ച് 6-ാം തീയതി ടെലിവിഷൻ ചാനലുകളോട് സംസാരിച്ച അവസരത്തിൽ കേരള നിയമസഭയിൽ നടക്കുന്ന വഷളൻ പ്രകടനങ്ങളൊന്നും പാർലമെന്റിൽ അനുവദിക്കാനാവില്ലെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരൻ നടത്തിയ പ്രസ്താവന കേരള നിയമസഭയേയും സഭാംഗങ്ങളേയും അവഹേളിക്കുന്നതാണെന്നും ആയതിനാൽ കേന്ദ്രമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു.അംഗം ശ്രീ. സി. ദിവാകരൻ ഒരു നോട്ടീസ് നൽകിയിരുന്നു. രാജ്യസഭയിലെ ഒരംഗത്തിനെതിരെയാണ് ബഹു.അംഗം നോട്ടീസ് നൽകിയിട്ടുള്ളത് എന്നതിനാലും കീഴ്വഴക്ക പ്രകാരം മറ്റൊരു നിയമനിർമ്മാണ സഭയിലെ അംഗത്തിനെതിരായ അവകാശലംഘന പരാതികൾ പരിഗണിക്കേണ്ടത് അതതു സഭാധ്യക്ഷന്മാരാണ് എന്നതിനാലും പ്രസ്തുത നോട്ടീസ് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി രാജ്യസഭാ ചെയർമാന് അയച്ചു കൊടുക്കുകയുണ്ടായി.

(3) 11-3-2020-ന് കോവിഡ് - 19 മായി ബന്ധപ്പെട്ട ബഹു. പ്രതിപക്ഷ നേതാവിന്റെ സബ്മിഷന് ബഹു. ആരോഗ്യവും, സാമൂഹ്യനീതിയും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി മറുപടി പറയവെ, സംസ്ഥാനത്തെ വിവിധ എയർപോർട്ടുകളിൽ വിഗറസ് സ്ക്രീനിംഗ് നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചത് 2020 മാർച്ച് 3-ന് ആണെന്ന് പ്രസ്താവിച്ചത് തെറ്റാണെന്നും യഥാർത്ഥത്തിൽ ഫെബ്രുവരി 26-ന് നിർദ്ദേശം ലഭിച്ചിട്ടും ബഹു. മന്ത്രി സഭയിൽ ഇപ്രകാരം പറഞ്ഞത് വസ്തുതാ വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആയതിനാൽ ബഹു. മന്ത്രിക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ടി. തോമസ് എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. ആരോഗ്യമന്ത്രിയിൽ നിന്നും വിശദീകരണം തേടിയിരുന്നു. ബഹു. മന്ത്രിയുടെ വിശദീകരണത്തിൽ വിമാനത്താവളങ്ങളിലെ കോവിഡ് സ്ക്രീനിംഗ് കേന്ദ്ര വ്യോമയാനമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ പ്രകാരമാണ് നിർവ്വഹിച്ച് വരുന്നതെന്നും, മാർച്ച് 2-ാം തീയതി മാത്രമാണ് ഇറ്റലി, ഇറാൻ എന്നീ രാജ്യങ്ങളിൽ നിന്നെത്തുന്നവരെക്കൂടി സാർവ്വത്രിക സ്ക്രീനിംഗിന് വിധേയരാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ വിമാനത്താവളങ്ങൾക്ക് നൽകിയിരിന്നതെന്നും നിയമസഭയിൽ മറുപടി പറയുമ്പോൾ 26-2-2020-ലെ ട്രാവൽ അഡ്വൈസറിയിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിൽ ഉണ്ടായിരുന്നില്ല എന്നതിനാലാണ് അപ്രകാരമുള്ള മറുപടി നൽകാനിടയായതെന്നും മനപ്പൂർവ്വമായും ദുരുദ്ദേശപരമായും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന യാതൊരു

ഉദ്ദേശത്തോട് കൂടിയല്ല സഭയിൽ ഇങ്ങനെ പറഞ്ഞതെന്നും സംസ്ഥാന ആരോഗ്യവകുപ്പിന്റെ മാർഗനിർദ്ദേശങ്ങൾ പൗരൻമാർ സ്വയം പാലിച്ചിരുന്നുവെങ്കിൽ മാർച്ച് ആദ്യ വാരം ഉണ്ടായ രോഗവ്യാപനം തടയാമായിരുന്നുവെന്ന് ബോധിപ്പിച്ചിട്ടുണ്ടെന്നും ബഹു. മന്ത്രി അറിയിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ബഹു. മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന ശ്രീ. പി. ടി. തോമസിന്റെ ആവശ്യത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(4) പത്രസമ്മേളനത്തിലൂടെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല തങ്ങളെ അപകീർത്തിപ്പെടുത്തിയെന്ന് കാണിച്ച് കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) സി.ഇ.ഒ. ശ്രീ. അൻവർ സാദത്ത്, മാനേജർ ശ്രീമതി ദീപ അനിരുദ്ധൻ എന്നിവർ ബഹു. പ്രതിപക്ഷനേതാവിന് അയച്ച വക്കീൽ നോട്ടീസിൽ, അനുഛേദം 194(1) പ്രകാരം സാമാജികർക്ക് സഭയ്ക്കുള്ളിൽ നിർഭയമായി കാര്യങ്ങൾ അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുന്നതിനുള്ള പരാമർശങ്ങളുണ്ടെന്നും ആയതിനാൽ KITE സി.ഇ.ഒ. ശ്രീ. അൻവർ സാദത്ത്, മാനേജർ ശ്രീമതി ദീപ അനിരുദ്ധൻ എന്നിവർക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഒരു നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത വിഷയം ചെയർ പരിശോധിച്ചു. KITE-ന് എതിരെ ബഹു. പ്രതിപക്ഷനേതാവ് ആരോപണമുന്നയിച്ചത് 7-11-2020-ന് നിയമസഭയിലല്ല മറിച്ച് അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പേജ് വഴിയും 11-11-2020-ന് പത്രസമ്മേളനത്തിലൂടെയുമാണ് എന്നതിനാൽ അനുഛേദം 194(1)-ന്റെ സംരക്ഷണം ലഭിക്കുന്നില്ല എന്നതിനാലും ഏതെങ്കിലും വിഷയത്തിൽ ഇടപെട്ട് സഭയ്ക്ക് പുറത്തു വെച്ച് ഏതെങ്കിലും വ്യക്തികളെയോ സ്ഥാപനങ്ങളെയോപ്പറ്റി ആരെങ്കിലും നടത്തുന്ന പ്രസ്താവനകളും ആരോപണങ്ങളും പ്രസ്തുത വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് അപകീർത്തികരമാണെന്ന് അവർക്ക് ബോധ്യമുണ്ടെങ്കിൽ അതിനെതിരെ രാജ്യത്ത് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്നതിനാലും ഇക്കാര്യത്തിൽ സാമാജികർക്ക് പ്രത്യേക പരിരക്ഷ ആവശ്യപ്പെടാനാവില്ല എന്നതിനാലും നിയമസഭയിൽ ആരോപണങ്ങൾ ഉന്നയിക്കുന്നതിന് പ്രസ്തുത വക്കീൽ നോട്ടീസ് ഒരു തടസ്സവും സൃഷ്ടിക്കില്ല എന്ന് ചെയർ നിരീക്ഷിക്കുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ KITE സി.ഇ.ഒ. ശ്രീ. അൻവർ സാദത്തിനും, മാനേജർ ശ്രീമതി ദീപ അനിരുദ്ധനും എതിരെ ബഹു. പ്രതിപക്ഷനേതാവ് നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുകയും അക്കാര്യം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(5) നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി സി.&എ.ജി. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയ 2019 മാർച്ചിലെ ഫിനാൻസ് ആഡിറ്റ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ അദ്ദേഹം കിഫ്ബിയുടെ സി.ഇ.ഒ, ധനകാര്യ വകുപ്പ് മന്ത്രി എന്നിവർക്ക് കൈമാറി എന്നും ഈ നടപടി നിയമസഭാംഗങ്ങളുടേയും നിയമസഭയുടേയും പ്രത്യേക അവകാശങ്ങളുടെ കടുത്ത ലംഘനമാണെന്നും ആരോപിച്ച് ശ്രീ. കെ. എസ്. ശബരീനാഥൻ എം. എൽ. എ. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിംഗിനെതിരെ ഒരു നോട്ടീസ് നൽകിയിരുന്നു

ചെയർ ഇക്കാര്യത്തിൽ ശ്രീ. രാജേഷ് കുമാർ സിംഗിന്റെ വിശദീകരണം തേടിയിരുന്നു. സി.&എ.ജി. റിപ്പോർട്ടിന്റെ ഒരു ചെറിയ ഭാഗം മാത്രമായ കിഫ്ബിയുമായി ബന്ധപ്പെട്ട ഖണ്ഡികകളുടെ സംഗ്രഹം അനൗപചാരികമായി ധനകാര്യ മന്ത്രിയുമായും ധനകാര്യ വകുപ്പിന്റെ ഭാഗമായ കിഫ്ബിയുടെ സി.ഇ.ഒ.യുമായും ചർച്ച ചെയ്തത് ഒരു കാരണവശാലും പൊതുജനമദ്ധ്യത്തിൽ പരസ്യപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെയല്ലെന്നും, ഗവർണ്ണറുടെ അംഗീകാരത്തിന് ശേഷം സഭയുടെ മേശപ്പുറത്ത് ധനകാര്യ മന്ത്രി വയ്ക്കുന്ന സി&എ.ജി. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെപ്പറ്റി ഒരു തരത്തിലും ധനകാര്യ മന്ത്രി അജ്ഞനായിരിക്കണമെന്ന് ഇതുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കീഴ്വഴക്കങ്ങളിലോ ഒന്നും തന്നെ അനുശാസിക്കുന്നില്ലെന്നും, ഇങ്ങനെ ചർച്ച ചെയ്തതുമൂലം നിയമസഭയുടേയോ നിയമസഭാംഗങ്ങളുടേയോ പ്രത്യേക അവകാശങ്ങളുടെ ഒരു ലംഘനവും ഉണ്ടായതായി കാണാൻ കഴിയില്ലെന്നും ശ്രീ. രാജേഷ് കുമാർ സിംഗ് വിശദീകരിക്കുകയുണ്ടായി മുകളിൽ പറഞ്ഞ വസ്തുതകളുടെയും പൊതുജനമദ്ധ്യത്തിൽ റിപ്പോർട്ട് സംബന്ധിച്ച ഒരു വിവരവും പരസ്യപ്പെടുത്തിയിട്ടില്ല എന്ന ശ്രീ. രാജേഷ് കുമാർ സിംഗിന്റെ സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. കെ. എസ് . ശബരീനാഥൻ എം.എൽ.എ. നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

(6) ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.യുടെ നിയോജക മണ്ഡലത്തിൽപ്പെട്ട വെള്ളാട്- കരുവഞ്ചാൽ റോഡിന്റെ പുനരുദ്ധാരണം സംബന്ധിച്ച് അദ്ദേഹം ഉന്നയിച്ച സബ്മിഷനുള്ള മറുപടിയിൽ, പ്രസ്തുത പ്രവൃത്തി ചെയ്യാൻ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുമതി നൽകാമെന്ന് ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സമ്മതിച്ചുവെന്നും, എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ 18-7-2020-ലെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്കുള്ള അനുമതി ബഹു. മന്ത്രി നിഷേധിച്ചിരിക്കുകയാണെന്ന് അറിയാൻ കഴിഞ്ഞെന്നും, ഇത്തരത്തിൽ സഭയിൽ പറഞ്ഞ കാര്യത്തിന് വിപരീതമായി നിർദ്ദേശം നൽകുക വഴി നിയമസഭാംഗമെന്ന നിലയിൽ തന്റെ അവകാശങ്ങളിൽ ലംഘനമുണ്ടായെന്നും ആയതിനാൽ ചട്ടം 154, 155, 159 പ്രകാരം അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. അംഗം ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ് റേറ്റിനെക്കാൾ 38.99% കൂടുതലാണ് ULCCS ക്വാട്ട് ചെയ്തിരുന്നത് എന്നതിനാൽ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയ്ക്ക് ഇത്രയും ഉയർന്ന തുക അംഗീകരിക്കാൻ കഴിയാത്തതിനാലും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാർ നിരക്ക് കുറയ്ക്കാൻ തയ്യാറാകാത്തതിനാലും റോഡ് പണിക്കാവശ്യമായ സ്ഥലം ജനങ്ങൾ വിട്ട് നൽകിയിട്ടില്ലാത്തതിനാലും ധന വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ടെന്നതിനാലും അനുമതി നിഷേധിക്കുകയായിരുന്നുവെന്നും സബ്മിഷനുള്ള മറുപടിയിൽ പരിശോധിച്ച് അനുകൂലമായ നിലപാട് സ്വീകരിക്കാം എന്നായിരുന്നു മറുപടി പറഞ്ഞിരുന്നതെന്നും സബ്മിഷന് നൽകിയ മറുപടി ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ തന്നെ സഭയിൽ നൽകിയ ഒരു ഉറപ്പായി ഇതിനെ കാണാൻ സാധിക്കുകയില്ല എന്നുള്ള ബഹു. മന്ത്രിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കെ. സി. ജോസഫ് , എം.എൽ.എ. നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

## II. ചെയറിന്റെ പരിഗണനയിലുള്ള അവകാശലംഘന പ്രശ്നങ്ങൾ

(1) ലോക് ഡൗൺ കാലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് താൻ ആവശ്യപ്പെട്ട വിവരങ്ങൾ നെടുമങ്ങാട് ഐ.റ്റി.ഡി.പി. ഓഫീസർ നൽകിയില്ലെന്നും, വാക്കുതർക്കങ്ങൾക്കൊടുവിൽ അന്നേദിവസം വൈകിട്ടോടെയാണ് വിവരങ്ങൾ നൽകിയതെന്നും ഇത് ഒരു നിയമസഭാംഗമെന്ന നിലയിൽ തനിക്ക് അനുവദിച്ചിട്ടുള്ള അവകാശങ്ങളുടെ ലംഘനമാണെന്നും, ജോലിയിൽ ഗുരുതര വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. എസ്. ശബരീനാഥൻ എം.എൽ.എ. നൽകിയ നോട്ടീസ്.

(2) ശ്രീ. കെ. എം. ഷാജി എം.എൽ.എ.-ക്കെതിരെ വിജിലൻസ് അന്വേഷണത്തിന് വിജിലൻസ് വകുപ്പിന് അനുമതി നൽകുക വഴി സ്പീക്കർ പക്ഷപാതപരമായി പ്രവർത്തിച്ചിരിക്കുകയാണെന്ന് ആരോപിച്ചുകൊണ്ടുള്ള പ്രസ്താവനകൾ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ. എം. ഷാജി, ശ്രീ. വി. ഡി. സതീശൻ, ശ്രീ. എ. പി. അനിൽ കുമാർ, ശ്രീ. സണ്ണി ജോസഫ്, ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. കെ. എസ്. ശബരീനാഥൻ, ശ്രീ. അൻവർ സാദത്ത്, ശ്രീ. റോജി എം. ജോൺ എന്നിവർ നടത്തിയെന്നും ഇത് വിവിധ മാധ്യമങ്ങളിൽ വലിയ പ്രാധാന്യത്തോടെ അച്ചടിച്ച് വരികയും മാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്യപ്പെടുകയും ഉണ്ടായെന്നും ഇത് സ്പീക്കർ പദവിയുടെ മഹത്വം ഇടിച്ചുതാഴ്ത്തുന്നതും സഭയുടെ അന്തസ്സിനെയും മൂല്യത്തേയും ഹനിക്കുന്നതിനുള്ള കരുതിക്കൂട്ടിയുള്ള പ്രവൃത്തിയും ആണെന്നതിനാൽ ഇവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ. നൽകിയ നോട്ടീസ്.

(3) ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. നോട്ടീസ് നൽകിയ അടിയന്തര പ്രമേയത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പ്രതിപക്ഷാംഗങ്ങൾ സഭ്യേതര വാക്കുകൾ പ്രയോഗിക്കുകയും സഭ അലങ്കോലപ്പെടുത്തുകയും ചെയ്തുവെന്നും, എന്നാൽ താൻ ചില സഭ്യേതര വാക്കുകൾ ഉപയോഗിച്ചതായി ആരോപിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ഒരു ക്രമപ്രശ്നം ഉന്നയിച്ചപ്പോൾ അങ്ങനെയുള്ള വാക്കുകൾ ഒന്നും രേഖയിൽ ഇല്ലെന്ന് ചെയർ റൂളിംഗ് നൽകിയെങ്കിലും 2020 മാർച്ച് 4-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിലെ "നിയമസഭയിൽ ഇന്നലെ" എന്ന കോളത്തിൽ രേഖയിൽ ഇല്ലാത്ത പരാമർശങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചത് സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും ആയതിനാൽ ഇതിനെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹു. വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി ശ്രീ. ഇ. പി. ജയരാജൻ നൽകിയ നോട്ടീസ്.

(4) തന്റെ മണ്ഡലമായ ഏറനാട്ടിൽ പട്ടികജാതി വികസന ഫണ്ടിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ റോഡിന്റെ ഉദ്ഘാടനം നിലമ്പൂർ മണ്ഡലം എം.എൽ.എ. ശ്രീ. പി. വി. അൻവർ നിർവഹിച്ചത് തന്റെ അവകാശ ലംഘനമാണെന്നും ആയതിനാൽ ഇത് പരിശോധിച്ച് അടിയന്തരനടപടികൾ ഉണ്ടാകണമെന്നും ഇതിന് കൂട്ടുനിന്ന മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. കെ. ബഷീർ നൽകിയ നോട്ടീസ്.

(5) 24-5-2017-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5488-ന് നൽകിയ മറുപടിയിൽ മാനദണ്ഡം പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് 'മുഖ്യമന്ത്രിയുടെ ജനസാന്ത്വന' ഫണ്ടിൽ നിന്നും ധന സഹായം അനുവദിക്കുന്നതാണെന്ന് മുഖ്യമന്ത്രി നിയമസഭയ്ക്ക് ഉറപ്പ് നൽകിയിരുന്നുവെങ്കിലും മൂന്നുവർഷം കഴിഞ്ഞിട്ടും ഒരാൾക്കുപോലും ധനസഹായം നൽകിയിട്ടില്ലെന്നും, പ്രസ്തുത ഫണ്ടിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സമാഹരിച്ച തുക വകമാറ്റി ചെലവഴിക്കുകയും നിയമസഭയ്ക്ക് നൽകിയ ഉറപ്പ് പ്രാവർത്തികമാക്കാൻ കഴിയാത്തതും നിയമസഭയോടുള്ള കടുത്ത അവഹേളനവും നിയമസഭാ സാമാജികരുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റവുമാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്.

(6) കിഫ്ബിയുടെ മസാല ബോണ്ട് നിക്ഷേപം സംബന്ധിച്ചുള്ള സി.&എ.ജി.-യുടെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കൊച്ചി യൂണിറ്റ് അധികാര പരിധി ലംഘിച്ചുകൊണ്ട് റിസർവ് ബാങ്കിലും കിഫ്ബിയിലും അന്വേഷണം നടത്താൻ ഒരുങ്ങുന്നുവെന്നും നിയമസഭയിൽ സമർപ്പിക്കാത്ത റിപ്പോർട്ടിൻമേൽ പരിശോധന നടത്താൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്

അവകാശമില്ലെന്നും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കേണ്ട റിപ്പോർട്ടിൻമേൽ അന്വേഷണം നടത്താനുള്ള നീക്കം നിയമസഭയുടെ അവകാശങ്ങളിൻമേലുള്ള കടന്നുകയറ്റമാണെന്നും ഇത്തരത്തിൽ അന്വേഷണം നടത്തുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരെ സഭയ്ക്കുമുമ്പാകെ വിളിച്ചു വരുത്തി വിശദീകരണം തേടണമെന്നും തുടർ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.എം.സ്വരാജ് എം. എൽ. എ. നൽകിയ നോട്ടീസ്.

(7) മുൻ സർക്കാരിന്റെ കാലത്ത് ബാർ അനുവദിച്ചതുമായി ബന്ധപ്പെട്ട അഴിമതിക്കേസുകൾ അന്വേഷിക്കുന്നതിന്റെ ഭാഗമായി പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള ചില എം.എൽ.എ.മാർക്കെതിരെ പ്രാഥമികാന്വേഷണം നടത്തുന്നതിന് വിജിലൻസിന് അനുമതി നൽകിയ ബഹു.സ്പീക്കർക്കെതിരെ അവഹേളനപരമായ പരാമർശം പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല നടത്തിയെന്നും ഇങ്ങനെ ചെയ്യുക വഴി പ്രതിപക്ഷ നേതാവ് സഭയുടെയും അതിലെ അംഗങ്ങളുടെയും അവകാശത്തെ ഹനിച്ചിരിക്കുകയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു.അംഗം ശ്രീ. ഐ. ബി. സതീഷ് നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണയിലാണ്.

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയണമെന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ അംഗീകരിക്കുകയും ചെയ്തു.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു.

വൈകിട്ട് 8.18-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Twenty Second Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, January 22, 2021*

**No. 232**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Two Questions in the list of Questions posted for the day were answered orally.

*Special mention:*

The Speaker made a special mention regarding the consecutive completion of fifty years of Membership in Legislative Assembly by Shri Oommen Chandy. Shri Pinarayi Vijayan, Chief Minister and Leader of Opposition Shri Ramesh Chennithala felicitated Shri Oommen Chandy.

*Reprimand:*

In accordance with the recommendation of the Seventh Report of the Committee of Privileges and Ethics, the House reprimanded Shri P. C. George under rule 53 (b) of the Code of Conduct for the Members of the Kerala Legislative Assembly.

(The Speaker informed that the notice of adjournment motion given by Shri Sunny Joseph and three other Members could not be admitted. In protest against this the Members belonging to the opposition moved to the well of the House and shouted slogans and after they staged a walkout.)

KNPP. 289/2021(ii).

*Calling Attention:* .

(1) Shri C. Divakaran called the attention of the Chief Minister to the necessity to set up adequate preventive measures and swimming training facilities to bring down drowning deaths in the State. The Chief Minister made a statement thereto.

(2) Shri V. P. Sajeendran called the attention of the Minister for Co-operation, Tourism and Devaswoms to the necessity to implement reservation for SC/ST communities in proportion to their population and reservation for Other Backward Classes in Devaswom Board appointments. The Minister made a statement thereto.

*The Matters under Rule 304 :*

The Ministers concerned laid statements on the respective subjects under rule 304.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. ആർ. രാമചന്ദ്രൻ | പി.എസ്.സി. പരീക്ഷയ്ക്ക് മലയാളത്തിൽ ചോദ്യപേപ്പർ | മുഖ്യമന്ത്രി |
| 2 | ശ്രീ. ടി. വി. ഇബ്രാഹിം | കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട് | മുഖ്യമന്ത്രി |
| 3 | ശ്രീ. എം. വിൻസെന്റ് | കൈത്തറി മേഖലയിൽ പ്രൊഡക്ഷൻ ഇൻസെന്റീവ് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
| 4 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് കെൽ - ഇ.എം.എൽ.-ന്റെ പ്രവർത്തനം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |
| 5 | ശ്രീമതി വീണാ ജോർജ്ജ് | കോഴഞ്ചേരി പത്തനംതിട്ട വില്ലേജുകളിലെ റീസർവ്വേ | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ബി. ഡി. ദേവസ്സി | ആനക്കയം ആദിവാസി കോളനി നിവാസികളുടെ പുനരധിവാസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. രാജു എബ്രഹാം | കൈവശ കൃഷിക്കാർക്ക് പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി സി. കെ. ആശ | വെള്ളപ്പൊക്കത്തിൽ തകർന്ന വീടുകൾക്കുള്ള ധനസഹായം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 9 | ശ്രീ. ഷാഫി പറമ്പിൽ | സുന്ദരം കോളനി നിവാസികൾക്ക് പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ടി. ജെ. വിനോദ് | ഷൺമുഖം കോളനി നിവാസികൾക്ക് പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 11 | ശ്രീ. എം. രാജഗോപാലൻ | തൃക്കരിപ്പൂരിലെ വിവിധ പഞ്ചായത്തുകളിലെ പട്ടയവിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 12 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര തെക്കേക്കര കുടിവെള്ള പദ്ധതി | ജലവിഭവവകുപ്പുമന്ത്രി |
| 13 | ഡോ. എൻ. ജയരാജ് | നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതി | ജലവിഭവവകുപ്പുമന്ത്രി |
| 14 | ശ്രീ.വി.കെ.സി.മമ്മത് കോയ | ബേപ്പൂർ തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കം | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |
| 15 | ശ്രീ. കെ. ജെ. മാക്സി | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 16 | ശ്രീ. പി. ടി. തോമസ് | തൊഴിലാളികൾക്ക് കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 17 | ശ്രീ. അനൂപ് ജേക്കബ് | കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പിന് അനുമതി | കൃഷിവകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | ശ്രീ. വി. ജോയി | പുന്നമൂട് റെയിൽവേ മേൽപ്പാലനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 19 | ശ്രീ. ഇ. കെ. വിജയൻ | കല്ലാച്ചി - വളയം - ചുഴലി, മൊകേരി - ചങ്ങരംകുളം കായക്കൊടി റോഡുകളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 20 | ശ്രീ. കെ. ബാബു | മംഗലം - ഗോവിന്ദപുരം സംസ്ഥാനപാത | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 21 | ശ്രീ. എം. സ്വരാജ് | കണ്ടന്നൂർ ബൈപ്പാസ് ജംഗ്ഷൻ റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 22 | ശ്രീ. ഒ. രാജഗോപാൽ | മുടവൻ മുഗൾ - എസ്റ്റേറ്റ് വാർഡുകളെ ബന്ധിപ്പിക്കുന്ന പാലം, കല്ലടിമുഖം, ഇടയാർ, മധു പാലം എന്നിവയുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 23 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ബീനാച്ചി - പനമരം റോഡ് നിർമ്മാണം പ്രവൃത്തി | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 24 | ശ്രീ. മോൻസ് ജോസഫ് | കടുത്തുരുത്തിയിൽ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 25 | ശ്രീ. യു. ആർ. പ്രദീപ് | ചേലക്കര താലൂക്കാശുപത്രിയുടെ വികസനം | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 26 | ഡോ. എം. കെ. മുനീർ | കോഴിക്കോട് മെഡിക്കൽ കോളേജിലെ ദിവസ വേതന ജീവനക്കാരുടെ പ്രശ്നങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 27 | ശ്രീ. പുരുഷൻ കടലുണ്ടി | ബാലുശ്ശേരിയിൽ കിലെ- സിവിൽ സർവീസ് അക്കാദമി | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 28 | ശ്രീമതി ഗീതാ ഗോപി | ലൈറ്റ് ആൻഡ് സൗണ്ട്, പന്തൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 29 | ശ്രീ. സി. കെ. ശശീന്ദ്രൻ | തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 30 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | തഴപ്പായ് നെയ്ത്ത് തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 31 | ശ്രീ. കോവൂർ കുഞ്ഞുമോൻ | തോൽകൊല്ലൻ സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി |
| 32 | ശ്രീ. ചിറ്റയം ഗോപകുമാർ | സർവകലാശാല പരീക്ഷാമൂല്യനിർണ്ണയം | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 33 | ശ്രീ. വി. കെ. പ്രശാന്ത് | പോളിടെക്നിക്ക് കോളേജ് അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം | ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 34 | ശ്രീ. റോജി എം. ജോൺ | അയ്യമ്പുഴ, മലയാറ്റൂർ - നീലീശ്വരം, മൂക്കന്നൂർ പഞ്ചായത്തുകളിലെ വന്യമൃഗശല്യം | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 35 | ശ്രീ. വി. എസ്. ശിവകുമാർ | തിരുവനന്തപുരത്തെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

*Papers laid on the table* :

The following papers were laid on the Table :

i. *Papers as per rule 166 (1)* :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 446/2020 | ജി.ഒ.(എംഎസ്.) നമ്പർ 6/2020/നോർക്ക | 12-5-2020 |
| 2 | 831/2020 | ജി.ഒ.(പി.) നമ്പർ 57/2020/ഹോം | 16-11-2020 |
| 3 | 845/2020 | ജി.ഒ.(എംഎസ്.) നമ്പർ 217/2020/ഹോം | 25-11-2020 |
| 4 | 861/2020 | ജി.ഒ.(പി.) നമ്പർ 64/2020/ഹോം | 7-12-2020 |
| 5 | 862/2020 | ജി.ഒ.(പി.) നമ്പർ 66/2020/ഹോം | 9-12-2020 |
| 6 | 864/2020 | ജി.ഒ.(എംഎസ്.) നമ്പർ 218/2020/ഹോം | 9-12-2020 |
| 7 | 870/2020 | ഹോം-എസ്എസ്എ2/66/2020-ഹോം | 14-12-2020 |
| 8 | 10/2021 | ജി.ഒ.(ആർറ്റി.) നമ്പർ 15/2021/ഹോം | 3-1-2021 |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 11/2021 | ജി.ഒ.(ആർറ്റി.) നമ്പർ 2988/2020/ഹോം | 24-12-2020 |
| 10 | 21/2021 | ജി.ഒ.(എംഎസ്.) നമ്പർ 6/2021/ഹോം | 4-1-2021 |
| 11 | 126/2020 | ജി.ഒ.(പി.) നമ്പർ 7/2020/ആർഡി. | 30-1-2020 |
| 12 | 837/2020 | ജി.ഒ.(പി.) നമ്പർ 92/2020/ആർഡി. | 18-11-2020 |
| 13 | 872/2020 | ജി.ഒ.(പി.) നമ്പർ 102/2020/ആർഡി. | 13-12-2020 |
| 14 | 873/2020 | ജി.ഒ.(പി.) നമ്പർ 103/2020/ആർഡി. | 14-12-2020 |
| 15 | 7/2021 | ജി.ഒ.(പി.) നമ്പർ 112/2020/ആർഡി. | 28-12-2020 |
| 16 | 440/2020 | ജി.ഒ.(പി.) നമ്പർ 36/2020/ട്രാൻ. | 29-6-2020 |
| 17 | 841/2020 | ജി.ഒ.(പി.) നമ്പർ 62/2020/ട്രാൻ. | 25-11-2020 |
| 18 | 849/2020 | ജി.ഒ.(പി.) നമ്പർ 63/2020/ട്രാൻ. | 4-12-2020 |
| 19 | 855/2020 | ജി.ഒ.(പി.) നമ്പർ 64/2020/ട്രാൻസ്. | 7-12-2020 |
| 20 | - | കെഎഫ് സി/എഫ്&എം/1214/2019-20 | 27-11-2019 |
| 21 | - | കെഎഫ് സി/എഫ്&എ/1518/2019-20 | 6-2-2020 |
| 22 | 883/2020 | ജി.ഒ.(പി.) നമ്പർ164/2020/ടാക്സസ്. | 18-12-2020 |
| 23 | 884/2020 | ജി.ഒ.(പി.) നമ്പർ 165/2020/ടാക്സസ്. | 18-12-2020 |
| 24 | 46/2021 | ജി.ഒ.(പി.) നമ്പർ 5/2021/ഫിൻ. | 7-1-2021 |
| 25 | 415/2020 | ജി.ഒ.(എംഎസ്.) നമ്പർ 45/2020/ലോ | 18-6-2020 |

| 1 | 2 | 3 | 4 |
|---|---|---|---|
| 26 | 918/2020 | ജി.ഒ.(പി.) നമ്പർ 7/2020/എസ് സി എസ് റ്റി ഡി ഡി. | 30-12-2020 |
| 27 | 836/2020 | ജി.ഒ.(എംഎസ്.) നമ്പർ 33/2020/എസ്ജെഡി. | 17-11-2020 |
| 28 | 865/2020 | ജി.ഒ.(പി.) നമ്പർ 65/2020/എച്ച്& എഫ്ഡബ്ല്യുഡി. | 8-12-2020 |
| 29 | 269/2020 | ജി.ഒ.(പി.) നമ്പർ 49/2020/ടാക്സസ്. | 1-4-2020 |
| 30 | 270/2020 | ജി.ഒ.(പി.) നമ്പർ. 50/2020/ടാക്സസ്. | 1-4-2020 |
| 31 | 450/2020 | സ.ഉ.(അച്ചടി) നമ്പർ 53/2020/തൊഴിൽ | 16-6-2020 |
| 32 | 581/2020 | സ.ഉ.(അച്ചടി) നമ്പർ 76/2020/തൊഴിൽ | 7-9-2020 |
| 33 | 854/2020 | സ.ഉ.(അച്ചടി) നമ്പർ 89/2020/തൊഴിൽ | 3-12-2020 |
| 34 | 858/2020 | ജി.ഒ.(പി.) നമ്പർ 93/2020/എൽബിആർ. | 9-12-2020 |
| 35 | 859/2020 | ജി.ഒ.(പി.) നമ്പർ 92/2020/എൽബിആർ. | 9-12-2020 |
| 36 | 860/2020 | ജി.ഒ.(പി.) നമ്പർ 91/2020/എൽബിആർ. | 9-12-2020 |
| 37 | 891/2020 | ജി.ഒ.(പി.) നമ്പർ 94/2020/എൽബിആർ. | 16-12-2020 |
| 38 | 893/2020 | ജി.ഒ.(പി.) നമ്പർ 96/2020/എൽബിആർ. | 18-12-2020 |
| 39 | 22/2021 | ജി.ഒ.(പി.) നമ്പർ 1/2021/എൽബിആർ. | 4-1-2021 |
| 40 | 29/2020 | ജി.ഒ.(പി.) നമ്പർ 2/2020/സിഎഡി. | 13-1-2020 |
| 41 | 80/2020 | ജി.ഒ.(പി.) നമ്പർ 4/2020/കോ-ഓപ്പ്. | 17-1-2020 |

| 1 | 2 | 3 | 4 |
|---|---|---|---|
| 42 | 213/2020 | ജി.ഒ.(പി.) നമ്പർ 28/2020/കോ-ഓപ്പ്. | 11-3-2020 |
| 43 | 331/2020 | ജി.ഒ.(പി.) നമ്പർ 13/2020/കോ-ഓപ്പ്. | 22-2-2020 |
| 44 | 832/2020 | ജി.ഒ.(പി) നമ്പർ 152/2020/കോ-ഓപ്പ് | 10-11-2020 |
| 45 | 835/2020 | ജി.ഒ.(പി.) നമ്പർ 154/2020/കോ-ഓപ്പ്. | 13-11-2020 |
| 46 | 844/2020 | ജി.ഒ.(പി.) നമ്പർ 153/2020/കോ-ഓപ്പ്. | 12-11-2020 |
| 47 | 876/2020 | ജി.ഒ.(പി.) നമ്പർ 163/2020/കോ-ഓപ്പ്. | 16-12-2020 |
| 48 | 811/2020 | സ.ഉ.(അച്ചടി) നമ്പർ 66/2020/തസ്വഭവ. | 9-11-2020 |
| 49 | 812/2020 | സ.ഉ.(അച്ചടി) നമ്പർ 67/2020/തസ്വഭവ. | 9-11-2020 |
| 50 | 815/2020 | ജി.ഒ.(പി.) നമ്പർ 68/2020/എൽഎസ്ജിഡി. | 12-11-2020 |
| 51 | 816/2020 | ജി.ഒ.(പി.) നമ്പർ 69/2020/എൽഎസ്ജിഡി. | 12-11-2020 |
| 52 | 825/2020 | സ.ഉ.(അച്ചടി) നമ്പർ 71/2020/തസ്വഭവ. | 13-11-2020 |
| 53 | 826/2020 | സ.ഉ.(അച്ചടി) നമ്പർ 70/2020/തസ്വഭവ. | 13-11-2020 |
| 54 | 850/2020 | സ.ഉ.(അച്ചടി) നമ്പർ 77/2020/തസ്വഭവ. | 5-12-2020 |
| 55 | 851/2020 | സ.ഉ.(അച്ചടി) നമ്പർ 76/2020/തസ്വഭവ. | 5-12-2020 |

ii. *Reports of various institutions* :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | 2018-19 | ഓഡിറ്റ് റിപ്പോർട്ട് |
| 2 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2018-19 | വാർഷിക റിപ്പോർട്ട് |
| 3 | ആറാമത് ധനകാര്യ കമ്മീഷൻ | 2020 | ഒന്നാമത് റിപ്പോർട്ടും ആക്ഷൻടേക്കൺ റിപ്പോർട്ടും |
| 4 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ടും വാർഷിക കണക്കും |
| 5 | കേരള കാർഷിക സർവ്വകലാശാല | 2019-20 | വാർഷിക റിപ്പോർട്ട് |
| 6 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും |

iii. *Papers as per rule 236 (5)*:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| 1 | 2 | 3 | 4 |
| IV—വ്യവസായവും ധാതുക്കളും | 2019-20 | 4 | 3-11, 50 |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2017-18 | 2 | 4 |
| XIII—സാമൂഹ്യസേവനം | 2015-16 | 5 | 3 |
| XIII—സാമൂഹ്യസേവനം | 2019-20 | 4 | 19-22, 37, 41-45 |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും | 2019-20 | 4 | 1, 2, 4, 5, 7 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | പൊതു ശിപാർശII |

| 1 | 2 | 3 | 4 |
|---|---|---|---|
| XI—ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2019-20 | 4 | 1-21 |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2019-20 | 4 | 12-27, 36-60 |
| VI—വിദ്യാഭ്യാസം | 2018-19 | 3 | 79-82, 88 |
| VI—വിദ്യാഭ്യാസം | 2019-20 | 4 | 35, 40, 41, 44, 45, 68-73, 75 |

iv.*Papers as per rule 236(6)*:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസ പത്രിക സഹിതം) | ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു.) വകുപ്പ് |
| XIII—ജയിലുകൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര (ബി) വകുപ്പ് (ജയിലുകൾ) |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം<br>XX—ശുദ്ധജല വിതരണവും ശുചീകരണവും | 2019-20 (കാലതാമസ പത്രിക സഹിതം) | പരിസ്ഥിതി വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരളീയ പ്രവാസികാര്യ (ബി) വകുപ്പ് |
| XXXVII— വ്യവസായങ്ങൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |

| 1 | 2 | 3 |
|---|---|---|
| XXI—ഭവന നിർമ്മാണം | 2019-20 (കാലതാമസ പത്രിക സഹിതം) | ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം,കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ലാറിബെക്കർ ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) [ഭവനനിർമ്മാണ(പാർലമെന്റ്) വകുപ്പ്] |
| XXXVIII—ജലസേചനം | 2018-19 (കാലതാമസ പത്രിക സഹിതം) | കുട്ടനാട് പാക്കേജ് [ജലവിഭവ(ഐ.ആർ)വകുപ്പ്] |
| XXIX—കൃഷി | 2019-20 (കാലതാമസ പത്രിക സഹിതം) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് |
| XXIX—കൃഷി<br>XXX—ഭക്ഷ്യം<br>XXXIX—വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം) | കാർഷിക വികസന കർഷക ക്ഷേമവകുപ്പ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്. [തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്] |
| XXIV— തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് [തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്] |

v. *Answer to the Questions below alongwith delay statements as per rule 47(2).*

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 14 | 14 | 1420 |
| | 16 | 150 |

*Presentaion of Reports :*

(1) Shri T. P. Ramakrishnan, Minister for Labour and Excise and Chairman, Subject Committee - VII presented the Report of the Committee on the Functioning of KASE.

(2) Shri T. V. Rajesh, Chairman, Committee on the Welfare of Youth and Youth Affairs presented the Eighth and Ninth Reports of the Committee.

*Government Resolution :*

Chief Minister Shri Pinarayi Vijayan moved the following resolution under rule 118 regarding the references related to KIIFB contained in the pages 41 to 43 and in the Executive Summary of the State Finance Audit Report for the year ended March 2019 by the Comptroller and Auditor General.

"കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019 -ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 18-ന് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നു മാത്രമല്ല, കരട് റിപ്പോർട്ടിൽ ഇല്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താൽപര്യങ്ങളെ ഹനിക്കുന്നതിനുവേണ്ടി അനാവശ്യവും ദുരൂഹവുമായ ധൃതിയിലും എഴുതി ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി.ആന്റ്എ.ജി. തന്നെ പുറപ്പെടുവിച്ച ഓഡിറ്റ് റെഗുലേഷൻ ലംഘിച്ചു കൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിൽ ഇല്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്.

കിഫ്ബിയുടേത് ഓഫ് ബജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജെന്റ് ലയബിലിറ്റി അല്ലായെന്നുമുള്ള സി.ആന്റ് എ.ജി.യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുള്ളതുമാണ് എന്ന് മാത്രവുമല്ല സി.ആന്റ് എ.ജി.യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമാണ്.

സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ മേൽപരാമർശങ്ങൾ സി. ആന്റ് എ. ജി. ഓഡിറ്റ് റെഗുലേഷനുകൾ, സാമാന്യനീതി, പ്രൊഫഷണൽ സമീപനം, രാഷ്ട്രീയമായ നിഷ്പക്ഷത എന്നിവയുടെ ലംഘനമായതിനാൽ ഈ സമീപനത്തിലൂടെ കേരള സംസ്ഥാനത്തിന്റെ വിശാല വികസന താത്പര്യങ്ങളെ അപകടപ്പെടുത്തുന്ന സമീപനമായി മാറിയതിൽ ഈ സഭയുടെ ഉത്കണ്ഠ സി. ആന്റ് എ. ജി. യെ അറിയിക്കുവാൻ തീരുമാനിക്കുന്നു.

ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു."

The following Members took part in the discussion:

Shri V. D. Satheesan

Shri James Mathew

Shri K. C. Joseph

Smt. Veena George

Dr. M. K. Muneer

Shri A. N. Shamseer

Shri O. Rajagopal

Shri M. Swaraj

Shri Ramesh Chennithala, Leader of Opposition.

The resolution was put to vote and passed.

*Legislative Business :*

(i) DR.T.M.Thomas Isaac, Minister for Finance and Coir introduced the Kerala Finance Bill, 2021 and the Kerala Finance (No.2) Bill, 2021.

(ii) DR.T.M.Thomas Isaac, Minister for Finance and Coir introduced the Kerala Appropriation Bill, 2021 and moved that the Bill be taken up for consideration.

The following Member took part in the discussion:

Shri. D. K. Murali

(The House temporarily adjourned at 12.30 p.m.)

*Afternoon Session:*

The House reassembled and met at 3.00 p.m. with Mr. Speaker in the Chair.

The discussion on the motion for consideration of the Kerala Appropriation Bill, 2021 continued. The following Members took part in the discussion:

Shri R. Ramachandran

Shri K. N. A. Khader

Shri C. K. Nanu

Shri Mons Joseph

Shri R. Rajesh

Shri V. S. Sivakumar

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion. Then the Bill was taken up for consideration and put to vote and passed.

(iii) DR. T. M. Thomas Isaac, Minister for Finance and Coir introduced the Kerala Appropriation (Vote on Account) Bill, 2021 and moved that the Bill be taken up for consideration.

The following Members took part in the discussion:

Shri B. Satyan

Shri G. S. Jayalal

Shri N. Samsudheen

Shri C. K. Nanu

Shri P. Unni

Shri A. P. Anil Kumar.

DR. T. M. Thomas Isaac, Minister for Finance and Coir replied to the points raised in the discussion. Then the Bill was taken up for consideration and put to vote and passed.

(iv) DR. K. T. Jaleel, Minister for Higher Education, Minority Welfare, Hajj and Wakf moved the motion that The Sree Narayanaguru Open University Bill, 2021 as reported by the Subject Committee be taken up for consideration.

Shri P. Ubaidulla moved an amendment that the Bill be circulated for obtaining public opinion and Shri R. Ramachandran as authorised by Shri. Chittayam Gopakumar moved another amendment that the Bill be recommitted to the same Subject Committee.

After the reply of the Minister the amendments moved were withdrawn by the leave of the House. Then the motion was adopted and the Bill was taken up for clause by clause consideration and was passed with the following amendments.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(എ)-യിൽ "നിയമംമൂലം" എന്നതിനു പകരം "നിയമം മൂലം" എന്ന് ചേർക്കുക.

ഖണ്ഡം 2(എച്ച്)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

<u>മൂന്നാം വകുപ്പ്</u>

ഖണ്ഡം 3(3)-ൽ "നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ" എന്നതിനു ശേഷമുള്ള "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ഖണ്ഡം 3(7)-ൽ "ഉടങ്ങിയവ" എന്നതിനു പകരം "എന്നിവ" എന്നത് ചേർക്കുക.

<u>അഞ്ചാം വകുപ്പ്</u>

ഖണ്ഡം 5 (iii)-ൽ "ശാസ്ത്രസാങ്കേതിക" എന്നതിന പകരം "സാങ്കേതിക ശാസ്ത്ര" എന്ന് ചേർക്കുക.

ഖണ്ഡം 5 (iii)-ൽ "തുടങ്ങിയ" എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 5 (iii)-ൽ "തപാൽ" എന്നതിന ശേഷം "/ഇമെയിൽ" എന്ന് ചേർക്കുക.

ഖണ്ഡം 5 (iii)-ൽ "സമ്പർക്ക ക്ലാസുകൾ" എന്നതിന ശേഷം "വെബിനാറുകൾ" എന്ന് ചേർക്കുക.

ഖണ്ഡം 5(iv)(സി)-ൽ "പഠനങ്ങൾ" എന്നതിന പകരം "പഠനം" എന്ന് ചേർക്കുക.

ഖണ്ഡം 5(iv)(ഡി)-ൽ "സംസ്ഥാനത്തിന്റെ" എന്നതിന പകരം "സംസ്ഥാനത്തെ" എന്ന് ചേർക്കുക.

ഖണ്ഡം 5(iv)(ഡി)-ൽ "മറ്റ് യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ" എന്നതിന പകരം "മറ്റ സർവ്വകലാശാലാ അദ്ധ്യാപകരുടെ" എന്ന് ചേർക്കുക.

ഖണ്ഡം 5 (iv) (എച്ച്)-ൽ "പരസ്പര അറിവിന്റെ കൈമാറ്റത്തിനായി" എന്നതിന് പകരം "വിജ്ഞാന വിനിമയത്തിനായി" എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6 (xxiii)-ൽ "എമിരിറ്റസ്" എന്നതിന പകരം "എമെരിറ്റസ്" എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 7(2)-ൽ "പട്ടികഗോത്രവർഗ്ഗങ്ങളിൽപെട്ടവർക്കോ" എന്നതിന് ശേഷം "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കോ ഭിന്നശേഷിക്കാർക്കോ" എന്ന് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

ഖണ്ഡം 8(4)-ൽ- "വാങ്ങിയശേഷം" എന്നതിന ശേഷമുള്ള " അവ" എന്ന വാക്കിന് പകരം "അങ്ങനെയുള്ള പ്രമേയമോ ഉത്തരവോ നടപടികളോ, അതതു സംഗതിപോലെ", എന്നത് ചേർക്കുക.

ഖണ്ഡം 8 (9 ) " മറ്റേതെങ്കിലും ശരിയായതും മതിയായതുമായ കുറ്റാരോപണങ്ങൾ " എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

ഖണ്ഡം 8(9)-ൽ "ബോധ്യമാവുന്നപക്ഷം" എന്നതിന പകരം "ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

ഖണ്ഡം 8(9)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഹൈക്കോടതിയിലെയോ സുപ്രീംകോടതി യിലെയോ "എന്നതിനു പകരം" സുപ്രീംകോടതിയിലെയോ ഹൈക്കോടതിയിലെയോ" എന്ന് ചേർക്കുക.

ഖണ്ഡം 8(9)-ന്റെ ക്ലിപ്തനിബന്ധനയിൽ "ചാർജ്ജുകൾ" എന്നതിനു പകരം "കുറ്റാരോപണം" എന്ന് ചേർക്കുക.

ഒൻപതാം വകുപ്പ്

ഖണ്ഡം 9(2)-ൽ

(i) "അധികാരങ്ങൾ" എന്നതിനു പകരം "അധികാരങ്ങളും" എന്നത് ചേർക്കുക.

(ii)"കർത്തവ്യങ്ങൾ" എന്നതിനു പകരം "കർത്തവ്യങ്ങളും" എന്നത് ചേർക്കുക.

പതിനൊന്നാം വകുപ്പ്

ഖണ്ഡം 11(1)-ൽ "ഒരു മുഴുവൻ സമയ ശമ്പളം പറ്റുന്ന" എന്നതിനു പകരം "ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ" എന്നു ചേർക്കുക.

ഖണ്ഡം 11(2)-ൽ "ഐകകണ്ഠേന" എന്നതിനു പകരം "ഐക്യകണ്ഠേന" എന്ന് ചേർക്കുക.

ഖണ്ഡം 11(3)-ൽ "നിശ്ചയിച്ച" എന്നതിനു പകരം "നിശ്ചയിക്കുന്ന" എന്ന് ചേർക്കുക.

പതിമൂന്നാം വകുപ്പ്

ഖണ്ഡം 13 (1)-ൽ "ഈ ആക്ടിലും സ്റ്റാറ്റ്യൂട്ടുകളിലും വ്യവസ്ഥ ചെയ്ത പ്രകാരം" എന്നതിന് പകരം "ഈ ആക്ടിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

പതിനാലാം വകുപ്പ്

ഖണ്ഡം 14(4)-ൽ "യൂണിവേഴ്സിറ്റിയ്ക്കുവേണ്ടി" എന്നതിൻ പകരം"യൂണിവേഴ്സിറ്റിക്കു വേണ്ടി" എന്ന് ചേർക്കുക.

പതിനെട്ടാം വകുപ്പ്

ഖണ്ഡം 18 (3)-ൽ "അദ്ദേഹം യൂണിവേഴ്സിറ്റിയുടെ" എന്നതിനുശേഷം "ശമ്പളം പറ്റുന്ന" എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 18 (3)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിയമംമൂലം" എന്നതിനുപകരം "നിയമം മൂലം" എന്ന് ചേർക്കുക.

പത്തൊൻപതാം വകുപ്പ്

ഖണ്ഡം 19-ൽ "ഉദ്യോഗസ്ഥരുടെ" എന്നതിനു പകരം "ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും" എന്ന് ചേർക്കുക.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

ഖണ്ഡം 23(1)-ൽ "വർഷത്തിൽ ഒരു തവണ" എന്നത് "വർഷത്തിൽ ഏറ്റവും കുറഞ്ഞത് ഒരു തവണ" എന്നാക്കുക.

ഖണ്ഡം 23(4)-ൽ "ഒരു യോഗത്തിന്റെ" എന്നത് ഒഴിവാക്കുക.

<u>ഇരുപത്തെട്ടാം വകുപ്പ്</u>

ഖണ്ഡം 28(3)(i)-ൽ

"അക്കാദമിക മിനിസ്റ്റിരിയൽ" എന്നതിന് പകരം "അക്കാദമിക, മിനിസ്റ്റീരിയൽ" എന്ന് ചേർക്കുക.

ഖണ്ഡം 28(3)(vi)-ൽ "അനുയോജ്യമായി" എന്ന വാക്കിനു പകരം "അനുസൃതമായി" എന്ന വാക്ക് ചേർക്കുക.

<u>ഇരുപത്തി ഒൻപതാം വകുപ്പ്</u>

ഖണ്ഡം 29(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ (i)-ൽ "പഠനസ്കൂളുകളിലെ യൂണിവേഴ്സിറ്റിയിലെ" എന്നതിനു പകരം " യൂണിവേഴ്സിറ്റിയിലെ പഠനസ്കൂളുകളിലെ" എന്ന് ചേർക്കുക.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

ഖണ്ഡം 32(iv)-ൽ "ചെയ്യാൻ വേണ്ടി" എന്നതിനു പകരം "ചെയ്യുന്നതിന്" എന്ന് ചേർക്കുക.

ഖണ്ഡം 32(v)-ൽ "യൂണിവേഴ്സിറ്റിയുടെ" എന്നതിനു പകരം "സർവ്വകലാശാലകളുടെ" എന്ന് ചേർക്കുക.

<u>മുപ്പത്തിയൊൻപതാം വകുപ്പ്</u>

ഖണ്ഡം 39-ൽ "അക്കാദമിക വർഷം" എന്നതിനു പകരം "കാലാവധി" എന്ന് ചേർക്കുക.

ഖണ്ഡം 39-ൽ "പുനസംഘടിപ്പിക്കാൻ" എന്നതിനു പകരം "പുനഃസംഘടിപ്പിക്കുവാൻ" എന്ന് ചേർക്കുക.

<u>നാൽപ്പത്തിയൊന്നാം വകുപ്പ്</u>

ഖണ്ഡം 41(2)(iii)-ൽ "ലാൻഗ്വേജസ്" എന്നതിനു പകരം "ലാംഗ്വേജസ്" എന്ന് ചേർക്കുക.

ഖണ്ഡം 41(2)(vi)-ൽ "ടയിനിംഗ്" എന്നതിനു പകരം "ട്രെയിനിംഗ്" എന്ന് ചേർക്കുക.

നാൽപ്പത്തി രണ്ടാം വകുപ്പ്

ഖണ്ഡം 42(2)-ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലെ ഇനം (ii)-ൽ "വിദഗ്ധരായ" എന്നതിനു പകരം "വിദഗ്ധരായ" എന്ന് ചേർക്കുക.

നാൽപ്പത്തിയഞ്ചാം വകുപ്പ്

ഖണ്ഡം 45 (1)-ൽ,

(i) "ബോർഡിനും" എന്ന വാക്കിന് പകരം "ബോർഡും" എന്ന വാക്ക് ചേർക്കുകയും

(ii) "ബന്ധപ്പെട്ട്" എന്ന വാക്കിന് പകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

നാൽപ്പത്തിയേഴാം വകുപ്പ്

ഖണ്ഡം 47(3)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്നതിനു പകരം "(2)-ാം ഉപവകുപ്പ് പ്രകാരം" എന്ന് ചേർക്കുക.

ഖണ്ഡം 47(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ" എന്നതിനു പകരം "വ്യവസ്ഥയിൽ" എന്ന് ചേർക്കുക.

നാൽപത്തിയൊൻപതാം വകുപ്പ്

ഖണ്ഡം 49(ii)-ൽ "പരീക്ഷ കൺട്രോളർ" എന്നതിനു ശേഷം "സൈബർ കൺട്രോളർ" എന്ന് ചേർക്കുക.

ഖണ്ഡം 49(v)-ൽ "കൗൺസിലുകളിലേയോ" എന്ന വാക്കിനു പകരം "കൗൺസിലുകളിലെയോ" എന്ന് ചേർക്കുക.

അൻപതാം വകുപ്പ്

ഖണ്ഡം 50(2)-ന്റെ ക്ലിപ്തനിബന്ധനയിൽ "കരടോ" എന്നതിനുശേഷം വരുന്ന "ഒരു സ്റ്റാറ്റ്യൂട്ടിന്റെ" എന്നത് ഒഴിവാക്കുക.

ഖണ്ഡം 50(3)-ൽ "തടഞ്ഞുവയ്ക്കുകയോ" എന്നത് നീക്കം ചെയ്യുക.

ഖണ്ഡം 50(3)-ൽ "ചെയ്യാവുന്നതാണ്" എന്നതിനു പകരം "ചെയ്യാവുന്നതുമാണ്" " എന്ന് ചേർക്കുക.

അൻപത്തി ആറാം വകുപ്പ്

ഖണ്ഡം 56 (3)-ൽ "അതിന്റെ സബ്സിഡിയറികളിലോ" എന്നീ വാക്കുകൾക്ക് ശേഷം "ദേശസാൽകൃത ബാങ്കുകളിലോ" എന്ന് ചേർക്കുക.

അൻപത്തി ഏഴാം വകുപ്പ്

ഖണ്ഡം 57-ൽ "അടുത്ത" എന്ന വാക്കിന് പകരം "ഓരോ" എന്ന് ചേർക്കുക.

അൻപത്തിയെട്ടാം വകുപ്പ്

ഖണ്ഡം 58(8)-ൽ "അജു" എന്നതിനു പകരം "അത്" എന്ന് ചേർക്കുക.

അൻപത്തിയൊൻപതാം വകുപ്പ്

ഖണ്ഡം 59(1)-ൽ "ഉൾപ്പെടേണ്ടതും" എന്നതിനു പകരം "ഉൾപ്പെടുത്തേണ്ടതും" എന്ന് ചേർക്കുക.

അറുപത്തി നാലാം വകുപ്പ്

ഖണ്ഡം 64-ൽ "അംഗീകാരമായി" എന്നതിന് പകരം "അംഗീകൃത യോഗ്യതയായി" എന്ന് ചേർക്കുക.

അറുപത്തി അഞ്ചാം വകുപ്പ്

ഖണ്ഡം 65 താഴെ പറയും പ്രകാരം മാറ്റുക:

"65 വിദ്യാർത്ഥികളുടെ താമസം.—സമ്പർക്ക ക്ലാസ്സുകൾ വേണ്ടി വരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി യൂണിവേഴ്സിറ്റി പരിപാലിച്ചുപോരുന്നതോ വിദ്യാർത്ഥികളുടെ പഠനത്തിന് യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ളതോ ആയ താമസ സ്ഥലങ്ങളിൽ വിദ്യാർത്ഥികൾക്ക് താമസിയ്ക്കാവുന്നതാണ്."

എഴുപതാം വകുപ്പ്

ഖണ്ഡം 70-ൽ " യൂണിവേഴ്സിറ്റിയുടെയോ" എന്നതിനു ശേഷം "അതിന്റെ" എന്ന് ചേർക്കുക.

സ്പീക്കറുടെ റൂളിംഗ്

സഭ പാസ്സാക്കിയ ഗവണ്മെന്റ് പ്രമേയത്തെ തുടർന്ന് നീക്കം ചെയ്യപ്പെട്ട സി. ആൻഡ് എ. ജി. യുടെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടിലെ നിരീക്ഷണ ഖണ്ഡികകൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിക്കേണ്ടതുണ്ടോ എന്ന വിഷയത്തിന്മേൽ സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 118 അനുസരിച്ച് ബഹു. മുഖ്യമന്ത്രി ഇന്ന് (22-1-2021) സഭയിൽ അവതരിപ്പിച്ച പ്രമേയത്തിൽ ചുവടെ ചേർക്കും പ്രകാരം പരാമർശിച്ചിരുന്നു.

"കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2021 ജനുവരി 15 -ന് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. കിഫ്ബിയുടെ വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട് ഭരണഘടനയുടെ ഏഴാം പട്ടിക, ഒന്നാം ലിസ്റ്റ്, ഇനം 37-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റമാണെന്നുമുള്ള പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാപരമായ പിശകാണെന്നു മാത്രമല്ല കരട് റിപ്പോർട്ടിൽ ഇല്ലാതിരുന്നതും കേരള സംസ്ഥാനത്തിന്റെ വിശാല വികസന താൽപര്യങ്ങളെ ഹനിക്കുന്നതിനുവേണ്ടി അനാവശ്യവും ദുരുഹവുമായ ധൃതിയിലും എഴുതി ചേർക്കപ്പെട്ടതുമാണ്. സർക്കാരിനെ അറിയിക്കാതെയും സർക്കാരിന്റെ അഭിപ്രായങ്ങൾ കേൾക്കാതെയും സി. & എ. ജി. തന്നെ പുറപ്പെടുവിച്ച ആഡിറ്റ് റെഗുലേഷൻ ലംഘിച്ചുകൊണ്ടുമാണ് ഇത്തരമൊരു കൂട്ടിച്ചേർക്കൽ നടത്തിയതെന്നും ഈ സഭ കാണുന്നു. കരട് റിപ്പോർട്ടിൽ ഇല്ലാത്ത പരാമർശങ്ങൾ അന്തിമ റിപ്പോർട്ടിൽ വരുന്നത് സാമാന്യ നീതിയുടെ നിഷേധമാണ്."

പ്രമേയത്തിന്റെ അവസാനഭാഗം താഴെപ്പറയും പ്രകാരമാണ്:

"ഈ സാഹചര്യത്തിൽ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടിലെ പേജ് 41 മുതൽ 43 വരെയുള്ള കിഫ്ബി സംബന്ധിച്ച പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളും ഈ സഭ നിരാകരിക്കുന്നു."

സഭയിൽ അവതരിപ്പിച്ച മേൽപറഞ്ഞ പ്രമേയം വിശദമായ ചർച്ചയ്ക്കുശേഷം ശബ്ദ വോട്ടോടെ സഭ പാസ്സാക്കുകയും ചെയ്തു.

പ്രമേയം സംബന്ധിച്ച ചർച്ചാ വേളയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നത്തിലൂടെ സഭ പാസ്സാക്കുന്ന പ്രമേയത്തിന്റെ ഉള്ളടക്കത്തിനു വിധേയമായി മാത്രമാണോ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് C & A G യുടെ 2019-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കാൻ കഴിയുന്നത് എന്ന കാര്യത്തിൽ വ്യക്തത വേണമെന്നും. റിപ്പോർട്ടിലെ സഭ നിരാകരിച്ച 41 മുതൽ 43 വരെയുള്ള പേജുകളിലെ പരാമർശങ്ങൾ പി.എ.സി.ക്ക് പരിശോധിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ആവശ്യമാണെന്നും ആവശ്യപ്പെടുകയുണ്ടായി.

"If the committee is examining or proposes to examine a case the subject-matter of which is under adjudication of a court of law and the Government put forth the plea that an examination of the case at the stage by the Committee would be prejudicial to the interest of the case, the Committee postpones consideration of that case" എന്ന് പരാമർശിച്ചിട്ടുണ്ട്.

അതായത്, ഒരു നിയമ കോടതിയുടെ പരിഗണനയിലുള്ള വിഷയം ആഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അതിനെ സംബന്ധിക്കുന്ന ആഡിറ്റ് പരാമർശങ്ങളുടെ പരിഗണന സമിതി മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്.

അതുപോലെതന്നെ ബഹുമാനപ്പെട്ട അംഗം ആശങ്കപ്പെട്ടതുപോലെ C&AG യുടെ ആഡിറ്റ് പരാമർശം സംബന്ധിച്ച മെറിറ്റിലേക്ക് ചെയർ പോവുന്നില്ല. ആഡിറ്റ് പരാമർശത്തെ സംബന്ധിച്ചല്ല. അത് രൂപപ്പെടുത്തിയ ക്രമത്തെ സംബന്ധിച്ചാണ് പ്രമേയത്തിൽ ഉന്നയിക്കുന്ന പ്രശ്നം ക്രമപ്രകാരമല്ലാതെ C&AG തന്നെ തയ്യാറാക്കിയ ആഡിറ്റ് റഗുലേഷന് വിധേയമല്ലാതെ തയ്യാറാക്കി ഉൾപ്പെടുത്തിയ ഖണ്ഡികകൾ നിരസിക്കുന്നു എന്നത് ആഡിറ്റിംഗ് അംഗീകരിക്കുന്നില്ല എന്ന നിലയിൽ വ്യാഖ്യാനിക്കാനാവുന്നില്ല. അസാധാരണമായ ഈ സാഹചര്യത്തിൽ അസാധാരണമായ ഒരു നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഇത് പതിവു രീതിയല്ല. അതിനാൽ കീഴ്‌വഴക്കമാവുന്നില്ല.

ഇതേ പരാമർശങ്ങൾ തന്നെ ക്രമങ്ങൾ പാലിച്ചുകൊണ്ട് C&AG റിപ്പോർട്ടിന്റെ ഭാഗമായി മാറ്റിയിരുന്നെങ്കിൽ ഇത്തരമൊരു സാഹചര്യമുണ്ടാവുമായിരുന്നില്ല. ആയതിനാൽ സഭ അതിന്റെ നിരീക്ഷണവും ആശങ്കയും പ്രകടിപ്പിച്ചതിൽ തെറ്റുകാണാൻ ആവില്ല.

ഇവിടെ സഭയിൽ നടന്ന വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ C&AG റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ തയ്യാറാക്കിയ 41 മുതൽ 43 വരെയുള്ള പേജുകളിലെ പരാമർശങ്ങൾ നിരാകരിക്കണമെന്ന പ്രശ്നം ഒരു പ്രമേയത്തിലൂടെ സഭ അംഗീകരിച്ച സാഹചര്യത്തിൽ അതൊരു സഭാ തീരുമാനമായിത്തീർന്നിരിക്കുന്നു. സഭയുടെ ഏതൊരു തീരുമാനവും സഭ തെരഞ്ഞെടുത്ത സമിതികൾക്കും ബാധകമാകണമെന്നതാണ് പൊതു തത്വം.

സഭ കൈക്കൊണ്ട ഈ തീരുമാനത്തിനെതിരെയുള്ള ഒരു സമീപനം അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന സമിതിക്ക് കൈക്കൊള്ളുവാൻ കഴിയില്ല എന്നു തന്നെയാണ് ചെയറിന്റെ സുവ്യക്തമായ അഭിപ്രായം.

ഈ സാഹചര്യത്തിൽ ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിന് വ്യക്തത വന്നു എന്ന് ചെയർ കരുതുന്നു.

*Question of Breach of Privilege:*

*I. The Speaker withheld consent to the following notices of question of Breach of Privilege :*

(1) ഒരു ജനപ്രതിനിധി എന്ന നിലയിൽ ജനങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നിരവധി തവണ തിരുവനന്തപുരം ജില്ലാ കളക്ടറെ മൊബൈൽ ഫോണിൽ വിളിച്ചിട്ടും, എം.എൽ.എ. ആണെന്ന് മനസ്സിലാക്കിയിട്ടും ഫോൺ അറ്റന്റ് ചെയ്യാനോ തിരികെ വിളിക്കാനോ തയ്യാറാകാത്ത കളക്ടറുടെ നടപടി സാമാജികൻ എന്ന നിലയിൽ തന്റെ അവകാശങ്ങളുടെ ലംഘനമാണെന്നും ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. അംഗം ശ്രീ. എം. വിൻസെന്റ് ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ പൊതുഭരണ വകുപ്പിൽ നിന്നും വിശദീകരണം ആരാഞ്ഞതിൽ ജോലി സംബന്ധമായ തിരക്കുള്ളതിനാലാണ് ഫോൺ കോളിന് മറുപടി നൽകാൻ കഴിയാത്തതെന്നും, എം.എൽ.എയുടെ കോൾ എടുക്കുന്നതിൽ മനഃപൂർവ്വമായ വീഴ്ച വരുത്തുകയോ ജനപ്രതിനിധിയുടെ അവകാശാധികാരങ്ങളെ കുറച്ചുകാണുന്നതിന് ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിന് മറുപടി നൽകുകയുണ്ടായി. കളക്ടറുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും ഭാവിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കരുതെന്ന് ജില്ലാ കളക്ടർ ശ്രീ. കെ. ഗോപാലകൃഷ്ണന് ചീഫ് സെക്രട്ടറി മുഖേന കർശന നിർദ്ദേശം നൽകുകയും ചെയ്തതായി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

ബഹു.അംഗം നോട്ടീസിൽ ഉന്നയിച്ച വിഷയവും സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച് ലഭിച്ച മറുപടിയും ചെയർ വിശദമായി പരിശോധിച്ച ആരോപണവിധേയനായ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഭാവിയിൽ ഇത്തരം തെറ്റുകൾ ഉണ്ടാകാൻ പാടില്ല എന്ന ശക്തമായ നിർദ്ദേശം ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നല്കിയിരിക്കുന്നതിനാൽ നോട്ടീസിന്മേൽ തുടർനടപടി അവസാനിപ്പിക്കുന്നു.

(2) കേരളത്തിൽ നിന്നുള്ള 4 എം.പി.മാർ ഉൾപ്പെടെ 7 എം.പി.മാരെ സമ്മേളനം തീരുന്നതുവരെ ബഹു. ലോക് സഭ സ്പീക്കർ സസ്പെന്റ് ചെയ്തതിനെ സംബന്ധിച്ച് 2020 മാർച്ച് 6-ാം തീയതി ടെലിവിഷൻ ചാനലുകളോട് സംസാരിച്ച അവസരത്തിൽ കേരള നിയമസഭയിൽ നടക്കുന്ന വഷളൻ പ്രകടനങ്ങളൊന്നും പാർലമെന്റിൽ അനുവദിക്കാനാവില്ലെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ. വി. മുരളീധരൻ നടത്തിയ പ്രസ്താവന കേരള നിയമസഭയേയും സഭാംഗങ്ങളേയും അവഹേളിക്കുന്നതാണെന്നും ആയതിനാൽ കേന്ദ്രമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു.അംഗം ശ്രീ. സി. ദിവാകരൻ ഒരു നോട്ടീസ് നൽകിയിരുന്നു. രാജ്യസഭയിലെ ഒരംഗത്തിനെതിരെയാണ് ബഹു.അംഗം നോട്ടീസ് നൽകിയിട്ടുള്ളത്

എന്നതിനാലും കീഴ്വഴക്ക പ്രകാരം മറ്റൊരു നിയമനിർമ്മാണ സഭയിലെ അംഗത്തിനെതിരായ അവകാശലംഘന പരാതികൾ പരിഗണിക്കേണ്ടത് അതതു സഭാധ്യക്ഷന്മാരാണ് എന്നതിനാലും പ്രസ്തുത നോട്ടീസ് തുടർനടപടി സ്വീകരിക്കുന്നതിലേക്കായി രാജ്യസഭാ ചെയർമാന് അയച്ചു കൊടുക്കുകയുണ്ടായി.

(3) 11-3-2020-ന് കോവിഡ് - 19 മായി ബന്ധപ്പെട്ട ബഹു. പ്രതിപക്ഷ നേതാവിന്റെ സബ്മിഷന് ബഹു. ആരോഗ്യവും, സാമൂഹ്യനീതിയും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി മറുപടി പറയവെ, സംസ്ഥാനത്തെ വിവിധ എയർപോർട്ടുകളിൽ വിഗറസ് സ്ക്രീനിംഗ് നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചത് 2020 മാർച്ച് 3-ന് ആണെന്ന് പ്രസ്താവിച്ചത് തെറ്റാണെന്നും യഥാർത്ഥത്തിൽ ഫെബ്രുവരി 26-ന് നിർദ്ദേശം ലഭിച്ചിട്ടും ബഹു. മന്ത്രി സഭയിൽ ഇപ്രകാരം പറഞ്ഞത് വസ്തുതാ വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആയതിനാൽ ബഹു. മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ടി. തോമസ് എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹു. ആരോഗ്യമന്ത്രിയിൽ നിന്നും വിശദീകരണം തേടിയിരുന്നു. ബഹു. മന്ത്രിയുടെ വിശദീകരണത്തിൽ വിമാനത്താവളങ്ങളിലെ കോവിഡ് സ്ക്രീനിംഗ് കേന്ദ്ര വ്യോമയാനമന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ പ്രകാരമാണ് നിർവ്വഹിച്ച് വരുന്നതെന്നും, മാർച്ച് 2-ാം തീയതി മാത്രമാണ് ഇറ്റലി, ഇറാൻ എന്നീ രാജ്യങ്ങളിൽ നിന്നെത്തുന്നവരെക്കൂടി സാർവ്വത്രിക സ്ക്രീനിംഗിന് വിധേയരാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ വിമാനത്താവളങ്ങൾക്ക് നൽകിയിരുന്നതെന്നും നിയമസഭയിൽ മറുപടി പറയുമ്പോൾ 26-2-2020-ലെ ട്രാവൽ അഡ്വൈസറിയിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധയിൽ ഉണ്ടായിരുന്നില്ല എന്നതിനാലാണ് അപ്രകാരമുള്ള മറുപടി നൽകാനിടയായതെന്നും മനഃപ്പൂർവ്വമായും ദുരുദ്ദേശപരമായും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന യാതൊരു ഉദ്ദേശത്തോട് കൂടിയല്ല സഭയിൽ ഇങ്ങനെ പറഞ്ഞതെന്നും സംസ്ഥാന ആരോഗ്യവകുപ്പിന്റെ മാർഗനിർദ്ദേശങ്ങൾ പൗരൻമാർ സ്വയം പാലിച്ചിരുന്നുവെങ്കിൽ മാർച്ച് ആദ്യവാരം ഉണ്ടായ രോഗവ്യാപനം തടയാമായിരുന്നുവെന്ന് ബോധിപ്പിച്ചിട്ടുണ്ടെന്നും ബഹു. മന്ത്രി അറിയിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ബഹു.മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന ശ്രീ.പി. ടി. തോമസിന്റെ ആവശ്യത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(4) പത്രസമ്മേളനത്തിലൂടെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല തങ്ങളെ അപകീർത്തിപ്പെടുത്തിയെന്ന് കാണിച്ച് കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യുക്കേഷൻ (KITE) സി.ഇ.ഒ. ശ്രീ.അൻവർ സാദത്ത്, മാനേജർ ശ്രീമതി. ദീപ അനിരുദ്ധൻ എന്നിവർ ബഹു. പ്രതിപക്ഷനേതാവിന് അയച്ച വക്കീൽ നോട്ടീസിൽ,

അനുഛേദം 194(1) പ്രകാരം സാമാജികർക്ക് സഭയ്ക്കുള്ളിൽ നിർഭയമായി കാര്യങ്ങൾ അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുന്നതിനുള്ള പരാമർശങ്ങളുണ്ടെന്നും ആയതിനാൽ KITE സി.ഇ.ഒ. ശ്രീ. അൻവർ സാദത്ത്, മാനേജർ ശ്രീമതി ദീപ അനിരുദ്ധൻ എന്നിവർക്കെതിരെ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യ പ്പെട്ടുകൊണ്ട് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഒരു നോട്ടീസ് നൽകിയിരുന്നു.

പ്രസ്തുത വിഷയം ചെയർ പരിശോധിച്ചു. KITE-ന് എതിരെ ബഹു. പ്രതിപക്ഷനേതാവ് ആരോപണമുന്നയിച്ചത് 7-11-2020-ന് നിയമസഭയിലല്ല മറിച്ച് അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പേജ് വഴിയും 11-11-2020-ന് പത്രസമ്മേളനത്തിലൂടെയുമാണ് എന്നതിനാൽ അനുഛേദം 194(1)-ന്റെ സംരക്ഷണം ലഭിക്കുന്നില്ല എന്നതിനാലും ഏതെങ്കിലും വിഷയത്തിൽ ഇടപെട്ട് സഭയ്ക്ക് പുറത്തുവെച്ച് ഏതെങ്കിലും വ്യക്തികളെയോ സ്ഥാപനങ്ങളെയോപ്പറ്റി ആരെങ്കിലും നടത്തുന്ന പ്രസ്താവനകളും ആരോപണങ്ങളും പ്രസ്തുത വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് അപകീർത്തികരമാണെന്ന് അവർക്ക് ബോധ്യമുണ്ടെങ്കിൽ അതിനെതിരെ രാജ്യത്ത് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്നതിനാലും ഇക്കാര്യത്തിൽ സാമാജികർക്ക് പ്രത്യേക പരിരക്ഷ ആവശ്യപ്പെടാനാവില്ല എന്നതിനാലും നിയമസഭയിൽ ആരോപണങ്ങൾ ഉന്നയിക്കുന്നതിന് പ്രസ്തുത വക്കീൽ നോട്ടീസ് ഒരു തടസ്സവും സൃഷ്ടിക്കില്ല എന്ന് ചെയർ നിരീക്ഷിക്കുന്നു. മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ KITE സി.ഇ.ഒ. ശ്രീ. അൻവർ സാദത്തിനും, മാനേജർ ശ്രീമതി ദീപ അനിരുദ്ധനും എതിരെ ബഹു. പ്രതിപക്ഷനേതാവ് നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുകയും അക്കാര്യം അദ്ദേഹത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(5) നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി സി. & എ. ജി., ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകിയ 2019 മാർച്ചിലെ ഫിനാൻസ് ആഡിറ്റ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ അദ്ദേഹം കിഫ്ബിയുടെ സി.ഇ.ഒ, ധനകാര്യ വകുപ്പ് മന്ത്രി എന്നിവർക്ക് കൈമാറി എന്നും ഈ നടപടി നിയമസഭാംഗങ്ങളുടേയും നിയമസഭയുടേയും പ്രത്യേക അവകാശങ്ങളുടെ കടുത്ത ലംഘനമാണെന്നും ആരോപിച്ച് ശ്രീ. കെ. എസ് . ശബരീനാഥൻ എം. എൽ. എ. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിംഗിനെതിരെ ഒരു നോട്ടീസ് നൽകിയിരുന്നു

ചെയർ ഇക്കാര്യത്തിൽ ശ്രീ.രാജേഷ് കുമാർ സിംഗിന്റെ വിശദീകരണം തേടിയിരുന്നു. സി.&എ.ജി റിപ്പോർട്ടിന്റെ ഒരു ചെറിയ ഭാഗം മാത്രമായ കിഫ്ബിയുമായി ബന്ധപ്പെട്ട ഖണ്ഡികകളുടെ സംഗ്രഹം അനൗപചാരികമായി ധനകാര്യ മന്ത്രിയുമായും ധനകാര്യ വകുപ്പിന്റെ ഭാഗമായ കിഫ്ബിയുടെ സി.ഇ.ഒ.യുമായും ചർച്ച ചെയ്തത് ഒരു കാരണവശാലും പൊതുജനമദ്ധ്യത്തിൽ പരസ്യപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെയല്ലെന്നും, ഗവർണറുടെ

അംഗീകാരത്തിന് ശേഷം സഭയുടെ മേശപ്പുറത്ത് ധനകാര്യ മന്ത്രി വയ്ക്കുന്ന സി&എ.ജി. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെപ്പറ്റി ഒരു തരത്തിലും ധനകാര്യ മന്ത്രി അജ്ഞനായിരിക്കണമെന്ന് ഇതുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കീഴ്വഴക്കങ്ങളിലോ ഒന്നും തന്നെ അനുശാസിക്കുന്നില്ലെന്നും, ഇങ്ങനെ ചർച്ച ചെയ്യുത് മൂലം നിയമസഭയുടേയോ നിയമസഭാംഗങ്ങളുടേയോ പ്രത്യേക അവകാശങ്ങളുടെ ഒരു ലംഘനവും ഉണ്ടായതായി കാണാൻ കഴിയില്ലെന്നും ശ്രീ. രാജേഷ് കുമാർ സിംഗ് വിശദീകരിക്കുകയുണ്ടായി.

മുകളിൽ പറഞ്ഞ വസ്തുതകളുടെയും പൊതുജനമദ്ധ്യത്തിൽ റിപ്പോർട്ട് സംബന്ധിച്ച ഒരു വിവരവും പരസ്യപ്പെടുത്തിയിട്ടില്ല എന്ന ശ്രീ. രാജേഷ് കുമാർ സിംഗിന്റെ സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. കെ. എസ് . ശബരീനാഥൻ എം.എൽ.എ. നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

(6) ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.യുടെ നിയോജക മണ്ഡലത്തിൽപ്പെട്ട വെള്ളാട്- കരുവഞ്ചാൽ റോഡിന്റെ പുനരുദ്ധാരണം സംബന്ധിച്ച് അദ്ദേഹം ഉന്നയിച്ച സബ്മിഷനുള്ള മറുപടിയിൽ, പ്രസ്തുത പ്രവൃത്തി ചെയ്യാൻ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുമതി നൽകാമെന്ന് ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സമ്മതിച്ചുവെന്നും, എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ 18-7-2020-ലെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്കുള്ള അനുമതി ബഹു. മന്ത്രി നിഷേധിച്ചിരിക്കുകയാണെന്ന് അറിയാൻ കഴിഞ്ഞെന്നും, ഇത്തരത്തിൽ സഭയിൽ പറഞ്ഞ കാര്യത്തിന് വിപരീതമായി നിർദ്ദേശം നൽകുകവഴി നിയമസഭാംഗമെന്ന നിലയിൽ തന്റെ അവകാശങ്ങളിൽ ലംഘനമുണ്ടായെന്നും ആയതിനാൽ ചട്ടം 154, 155, 159 പ്രകാരം അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. അംഗം ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ് റേറ്റിനെക്കാൾ 38.99% കൂടുതലാണ് ULCCS ക്വാട്ട് ചെയ്തിരുന്നത് എന്നതിനാൽ ടെണ്ടർ അപ്രൂവൽ കമ്മിറ്റിയ്ക്ക് ഇത്രയും ഉയർന്ന തുക അംഗീകരിക്കാൻ കഴിയാത്തതിനാലും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാർ നിരക്ക് കുറയ്ക്കാൻ തയ്യാറാകാത്തതിനാലും റോഡ് പണിക്കാവശ്യമായ സ്ഥലം ജനങ്ങൾ വിട്ട് നൽകിയിട്ടില്ലാത്തതിനാലും ധന വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ടെന്നതിനാലും അനുമതി നിഷേധിക്കുകയായിരുന്നുവെന്നും സബ്മിഷനുള്ള മറുപടിയിൽ പരിശോധിച്ച് അനുകൂലമായ നിലപാട് സ്വീകരിക്കാം എന്നായിരുന്നു മറുപടി പറഞ്ഞിരുന്നതെന്നും സബ്മിഷന് നൽകിയ മറുപടി ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ തന്നെ സഭയിൽ നൽകിയ ഒരു ഉറപ്പായി ഇതിനെ കാണാൻ സാധിക്കുകയില്ല എന്നുള്ള

ബഹു. മന്ത്രിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കെതിരെ ശ്രീ.കെ.സി.ജോസഫ്, എം.എൽ.എ നൽകിയിരിക്കുന്ന അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

*II. The Speaker informed that the following notices of question of Breach of Privileges are under the consideration of Chair :*

(1) ലോക് ഡൗൺ കാലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് താൻ ആവശ്യപ്പെട്ട വിവരങ്ങൾ നെടുമങ്ങാട് ഐ.റ്റി.ഡി.പി. ഓഫീസർ നൽകിയില്ലെന്നും, വാക്കുതർക്കങ്ങൾക്കൊടുവിൽ അന്നേദിവസം വൈകിട്ടോടെയാണ് വിവരങ്ങൾ നൽകിയതെന്നും ഇത് ഒരു നിയമസഭാംഗമെന്ന നിലയിൽ തനിക്ക് അനുവദിച്ചിട്ടുള്ള അവകാശങ്ങളുടെ ലംഘനമാണെന്നും, ജോലിയിൽ ഗുരുതര വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. എസ്. ശബരീനാഥൻ എം.എൽ.എ. നൽകിയ നോട്ടീസ്.

(2) ശ്രീ. കെ. എം. ഷാജി എം.എൽ.എ.-ക്കെതിരെ വിജിലൻസ് അന്വേഷണത്തിന് വിജിലൻസ് വകുപ്പിന് അനുമതി നൽകുക വഴി സ്പീക്കർ പക്ഷപാതപരമായി പ്രവർത്തിച്ചിരിക്കുകയാണെന്ന് ആരോപിച്ചുകൊണ്ടുള്ള പ്രസ്താവനകൾ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ. എം. ഷാജി, ശ്രീ. വി. ഡി. സതീശൻ, ശ്രീ. എ. പി. അനിൽ കുമാർ, ശ്രീ. സണ്ണി ജോസഫ്, ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. കെ. എസ്. ശബരീനാഥൻ, ശ്രീ. അൻവർ സാദത്ത്, ശ്രീ. റോജി എം. ജോൺ എന്നിവർ നടത്തിയെന്നും ഇത് വിവിധ മാധ്യമങ്ങളിൽ വലിയ പ്രാധാന്യത്തോടെ അച്ചടിച്ച് വരികയും മാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്യപ്പെടുകയും ഉണ്ടായെന്നും ഇത് സ്പീക്കർ പദവിയുടെ മഹത്വം ഇടിച്ചുതാഴ്ത്തുന്നതും സഭയുടെ അന്തസ്സിനെയും മൂല്യത്തേയും ഹനിക്കുന്നതിനുള്ള കരുതിക്കൂട്ടിയുള്ള പ്രവൃത്തിയും ആണെന്നതിനാൽ ഇവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. റ്റി. വി. രാജേഷ് എം.എൽ.എ. നൽകിയ നോട്ടീസ്.

(3) ശ്രീ ഷാഫി പറമ്പിൽ എം.എൽ.എ. നോട്ടീസ് നൽകിയ അടിയന്തര പ്രമേയത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പ്രതിപക്ഷാംഗങ്ങൾ സഭ്യേതര വാക്കുകൾ പ്രയോഗിക്കുകയും സഭ അലങ്കോലപ്പെടുത്തുകയും ചെയ്തുവെന്നും, എന്നാൽ താൻ ചില സഭ്യേതര വാക്കുകൾ ഉപയോഗിച്ചതായി ആരോപിച്ചുകൊണ്ട് ശ്രീ.വി.ഡി.സതീശൻ എം.എൽ.എ. ഒരു ക്രമപ്രശ്നം ഉന്നയിച്ചപ്പോൾ അങ്ങനെയുള്ള വാക്കുകൾ ഒന്നും രേഖയിൽ ഇല്ലെന്ന് ചെയർ റൂളിംഗ് നൽകിയെങ്കിലും 2020 മാർച്ച് 4-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിലെ "നിയമസഭയിൽ ഇന്നലെ" എന്ന കോളത്തിൽ രേഖയിൽ ഇല്ലാത്ത

പരാമർശങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചത് സഭയുടെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും ആയതിനാൽ ഇതിനെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി ശ്രീ. ഇ. പി. ജയരാജൻ നൽകിയ നോട്ടീസ്.

(4) തന്റെ മണ്ഡലമായ ഏറനാട്ടിൽ പട്ടികജാതി വികസന ഫണ്ടിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ റോഡിന്റെ ഉദ്ഘാടനം നിലമ്പൂർ മണ്ഡലം എം.എൽ.എ. ശ്രീ. പി. വി. അൻവർ നിർവ്വഹിച്ചത് തന്റെ അവകാശ ലംഘനമാണെന്നും ആയതിനാൽ ഇത് പരിശോധിച്ച് അടിയന്തരനടപടികൾ ഉണ്ടാകണമെന്നും ഇതിന് കൂട്ടുനിന്ന മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്കെതിരെയും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. കെ. ബഷീർ നൽകിയ നോട്ടീസ്.

(5) 24-5-2017-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5488-ന് നൽകിയ മറുപടിയിൽ മാനദണ്ഡം പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് 'മുഖ്യമന്ത്രിയുടെ ജനസാന്ത്വന' ഫണ്ടിൽ നിന്നും ധന സഹായം അനുവദിക്കുന്നതാണെന്ന് മുഖ്യമന്ത്രി നിയമസഭയ്ക്ക് ഉറപ്പ് നൽകിയിരുന്നുവെങ്കിലും മൂന്നുവർഷം കഴിഞ്ഞിട്ടും ഒരാൾക്കുപോലും ധനസഹായം നൽകിയിട്ടില്ലെന്നും, പ്രസ്തുത ഫണ്ടിലേക്ക് പൊതുജനങ്ങളിൽ നിന്നും സമാഹരിച്ച തുക വകമാറ്റി ചെലവഴിക്കുകയും നിയമസഭയ്ക്ക് നൽകിയ ഉറപ്പ് പ്രാവർത്തികമാക്കാൻ കഴിയാത്തതും നിയമസഭയോടുള്ള കടുത്ത അവഹേളനവും നിയമസഭാ സാമാജികരുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റവുമാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ. കെ. സി. ജോസഫ് നൽകിയ നോട്ടീസ്.

(6) കിഫ്ബിയുടെ മസാല ബോണ്ട് നിക്ഷേപം സംബന്ധിച്ചുള്ള സി.&എ.ജി.-യുടെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റിന്റെ കൊച്ചി യൂണിറ്റ് അധികാര പരിധി ലംഘിച്ചുകൊണ്ട് റിസർവ് ബാങ്കിലും കിഫ്ബിയിലും അന്വേഷണം നടത്താൻ ഒരുങ്ങുന്നുവെന്നും നിയമസഭയിൽ സമർപ്പിക്കാത്ത റിപ്പോർട്ടിൻമേൽ പരിശോധന നടത്താൻ എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റിന് അവകാശമില്ലെന്നും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കേണ്ട റിപ്പോർട്ടിൻമേൽ അന്വേഷണം നടത്താനുള്ള നീക്കം നിയമസഭയുടെ അവകാശങ്ങളിൻമേലുള്ള കടന്നുകയറ്റമാണെന്നും ഇത്തരത്തിൽ അന്വേഷണം നടത്തുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥരെ സഭയ്ക്കുമുമ്പാകെ വിളിച്ചുവരുത്തി വിശദീകരണം തേടണമെന്നും തുടർ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. സ്വരാജ് എം. എൽ. എ. നൽകിയ നോട്ടീസ്.

(7) മുൻ സർക്കാരിന്റെ കാലത്ത് ബാർ അനുവദിച്ചതുമായി ബന്ധപ്പെട്ട അഴിമതിക്കേസുകൾ അന്വേഷിക്കുന്നതിന്റെ ഭാഗമായി പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള ചില എം.എൽ.എ.മാർക്കെതിരെ പ്രാഥമികാന്വേഷണം നടത്തുന്നതിന് വിജിലൻസിന് അനുമതി നൽകിയ ബഹു. സ്പീക്കർക്കെതിരെ അവഹേളനപരമായ പരാമർശം പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല നടത്തിയെന്നും ഇങ്ങനെ ചെയ്യുകവഴി പ്രതിപക്ഷ നേതാവ് സഭയുടെയും അതിലെ അംഗങ്ങളുടെയും അവകാശത്തെ ഹനിച്ചിരിക്കുകയാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. അംഗം ശ്രീ. ഐ. ബി. സതീഷ് നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

The Chief Minister moved a resolution that the House may be adjourned *sine die* and the same was adopted by the House.

The Speaker made a brief review of the Twenty Second Session of the Fourteenth Kerala Legislative Assembly.

National Anthem was sung.

**The House adjourned *sine die* at 8.18 p.m.**

S. V. UNNIKRISHNAN NAIR,
*Secretary.*